
# ഗിരിദീപം

ഫെബ്രുവരി 2024

നോമ്പുകാലം



യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു,
യേശു നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു. (മത്താ 4: 1-2)


സിറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്
മാർ റാഫേൽ തട്ടിൽ
പിതാവിന്
തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

ഫെബ്രുരി 2024

വാല്യം 07
ലക്കം 02

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 48/2024, Circular No. 01/2024 .................... 05
2. പരി. പിതാവിന്റെ സർക്കുലർ - രോഗീദിനം .................... 09
3. കെ.സി.ബി.സി. സർക്കുലർ - തിരുബാലസഖ്യദിനം .................... 14
4. കെ.സി.ബി.സി. സർക്കുലർ - മദ്യവിരുദ്ധ ഞായർ .................... 18
5. കച്ചേരിക്കാര്യം .................... 22
6. നവീകരണ ധ്യാനം .................... 28
7. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .................... 31
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . .................... 38
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .................... 41
   തിരുബാലസഖ്യം .................... 46
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .................... 48
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .................... 52
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .................... 61
    നിർമ്മലഗിരി കോളേജ് .................... 64
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .................... 65
    സാൻജോസ് അക്കാദമി .................... 67
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് - കുടുംബക്കൂട്ടായ്മ .................... 69
    ADAM .................... 70
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .................... 72
    ഇൻഫാം .................... 75
    ബയോ മൗണ്ടൻ ഫാർമേഴ്സ് .................... 76
15. ധ്യാനകേന്ദ്രങ്ങളിലൂടെ .................... 78
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................... 79
17. Engagements - February (Archbishop Mar Joseph Pamplany) .................... 83
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 85
19. Engagements - February (Archbishop Mar George Njaralakatt) .................... 88
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 89
21. Engagements - February (Archbishop Mar George Valiamattam) .................... 90

# സർക്കുലർ
## മാർ ജോസഫ് പാംപ്ലാനി

Prot. No. 48 /2024, Circular No. 01/2024

## നോമ്പുകാലം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ഇന്ന് അർദ്ധരാത്രി നാം നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. അനുതാപത്തിന്റെ ചാരം കൊണ്ട് രക്ഷയുടെ അടയാളമായ കുരിശുവരച്ച് വിഭൂതിത്തിരുന്നാളിലെ ഉപവാസമാകുന്ന പ്രായശ്ചിത്തത്തിലൂടെയാണ് നാം നോമ്പ് ആരംഭിക്കുന്നത്. നമ്മുടെ കർത്താവീശോമിശിഹാ മരുഭൂമിയിൽ നാല്പതുദിനരാത്രങ്ങൾ ഉപവസിച്ചതിനെയാണ് നോമ്പുകാലം പ്രധാനമായും അനുസ്മരിക്കുന്നത്. ലോകരക്ഷയ്ക്കുവേണ്ടിയുള്ള തന്റെ പരിഹാരബലി അവിടുന്ന് ആരംഭിച്ചത് ഈ ഉപവാസത്തോടെയാണ്. കുരിശിൽ പൂർത്തീകരിക്കുന്ന തന്റെ സഹനജീവിതത്തിന്റെയും സാത്താന്റെമേലുള്ള വിജയത്തിന്റെയും പ്രാരംഭമായിരുന്നു മരുഭൂമിയിലെ ഉപവാസം. ഈശോയെപ്പോലെ നമ്മുടെ ജീവിതബലിയും ദൈവഹിതപ്രകാരം പൂർത്തിയാക്കാൻ ഈ നോമ്പുകാലം അർത്ഥപൂർണ്ണമായി നമുക്ക് ആചരിക്കാം.

ദൈവജനത്തിന്റെ നാൽപതുവർഷം നീണ്ട മരുഭൂമിയാത്രപോലെ നോമ്പുകാലം നമ്മുടെ ജീവിതയാത്രയുടെ പ്രതീകമാണ്. കാഠിന്യത്തിന്റെ അടിമത്തവും അസാധ്യതയുടെ ചെങ്കടലും ഊഷരതയുടെ മരുഭൂമിയും കരുത്തരായ എതിരാളികളും മുന്നിൽ പ്രതിബന്ധം തീർത്തപ്പോൾ കൂടെ നടന്ന ദൈവത്തെ അറിഞ്ഞ അവസരമാണത്. ചെങ്കടലിന്റെ നടുവിൽ നേർവഴിയായും മരുഭൂമിയിൽ മന്നയായും കാടപ്പക്ഷിയായും രാത്രിയിൽ വഴിവെളിച്ചമേകുന്ന അഗ്നിസ്തംഭമായും പകൽ തണലേകുന്ന മേഘസ്തംഭമായും ദൈവം കൂടെ നടന്ന അനുഭവമാണ് ഇസ്രായേലിന്റെ മരുഭൂമിയാത്ര. നമ്മുടെയും ജീവിതത്തിന്റെ പ്രതി

സന്ധിഘട്ടങ്ങളിൽ നാം ഒറ്റയ്ക്കല്ല ദൈവം കൂട്ടിനുണ്ട് എന്ന സത്യം തിരിച്ചറിയാനുള്ള അവസരമാണ് നോമ്പുകാലം. സാമ്പത്തികപരാധീനതകളിലും ജപ്തിഭീഷണിയിലും പകച്ചുപോകുമ്പോഴും വന്യമൃഗങ്ങൾ നമ്മുടെ ആയുസ്സിന്റെ അധ്വാനം മുഴുവൻ നശിപ്പിക്കുമ്പോഴും പ്രതീക്ഷയർപ്പിച്ചവരൊക്കെയും കൈവിടുമ്പോഴും ഒരുനാളും കൈവിടാത്തവനായി കർത്താവു കൂടെയുണ്ട് എന്നു തിരിച്ചറിയാൻ ആണ്ടുവട്ടത്തിൽ സഭാമാതാവ് നമുക്കായി ഒരുക്കുന്ന പുണ്യനാളുകളാണ് നോമ്പുകാലം. ദൈവസ്നേഹത്തിലുള്ള അടിയുറച്ച വിശ്വാസവും പ്രത്യാശയുമാണ് ക്രിസ്തീയജീവിതത്തിന്റെ ഏറ്റവും വലിയ മൂലധനം.

മരുഭൂമിയിലെ ഉപവാസത്തിനിടയിൽ കർത്താവു മൂന്നു കാര്യങ്ങൾ വർജ്ജിച്ചുകൊണ്ടാണ് നോമ്പുകാലത്തിന്റെ ചൈതന്യം നമുക്ക് പകർന്നു തരുന്നത്. കല്ലുകൾ അപ്പമാക്കാനുള്ള പ്രലോഭനത്തെ അതിജീവിച്ചുകൊണ്ട് ശാരീരിക സന്തോഷങ്ങൾക്കായുള്ള മനുഷ്യന്റെ നിതാന്ത വ്യഗ്രതയെക്കുറിച്ച് ജാഗ്രത പാലിക്കാൻ ഈശോ നമ്മോട് ആവശ്യപ്പെടുകയാണ്. ഇഷ്ടഭക്ഷണങ്ങൾ വർജ്ജിച്ചുകൊണ്ട് നോമ്പാചരിക്കുന്നതിന്റെ ചൈതന്യമിതാണ്. നോമ്പുകാലത്ത് മത്സ്യമാംസാദികൾ വർജ്ജിക്കുന്ന നമ്മുടെ പൂർവ്വികരുടെ ശ്രേഷ്ഠമായ പാരമ്പര്യം നമ്മുടെ എല്ലാ ഭവനങ്ങളിലും തുടരണം. മത്സ്യ-മാംസങ്ങൾ മാത്രമല്ല മദ്യവും മറ്റു ലഹരിവസ്തുക്കളും ജഡികാസക്തികളും വർജ്ജിക്കുന്നതും ശാരീരികസന്തോഷങ്ങളുടെ വ്യർത്ഥതയെക്കുറിച്ചുള്ള കർത്താവിന്റെ പ്രബോധനത്തിന്റെ ഭാഗമാണ്. എല്ലാത്തരത്തിലുമുള്ള ധൂർത്തും ആഡംബരവും വർജ്ജിക്കുന്നത് നോമ്പുകാലത്തിന്റെ ചൈതന്യത്തിന് അനിവാര്യമാണ്. ഇപ്രകാരമുള്ള പരിത്യാഗങ്ങളിലൂടെ ലഭിക്കുന്ന തുക ഓരോ കുടുംബവും ജീവകാരുണ്യപ്രവൃത്തികൾക്കായി മാറ്റി വയ്ക്കണം. നമുക്കുചുറ്റും കഷ്ടതയനുഭവിക്കുന്നവരുടെ ജീവിതത്തിൽ ഒരു ദിവസമെങ്കിലും പ്രകാശമേകാൻ ഈ നോമ്പുകാലത്ത് നമുക്കു കഴിയണം.

സ്വന്തം മഹത്ത്വം പ്രകടമാക്കാനുള്ള പ്രലോഭനത്തെയാണ് ഈശോ രണ്ടാമതായി തോല്പിക്കുന്നത്. മനുഷ്യന്റെ തിന്മകളുടെയെല്ലാം മാതാവായി വർത്തിക്കുന്നത് അഹന്തയാണ്. ഈ കാലഘട്ടത്തിൽ മനുഷ്യന്റെ അഹന്ത ഏറ്റവും ശക്തമായി പ്രകടമാകുന്നത് സാമൂഹ്യമാധ്യമങ്ങളിലൂടെ മറ്റുള്ളവരെ അവഹേളിച്ചുകൊണ്ടും ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുമാണ്. താൻ മാത്രം നല്ലവൻ, താൻ ചെയ്യുന്നവ മാത്രം ശരി എന്ന അഹന്തയാണ് ഒട്ടുമിക്ക അവമതിപ്പുകൾക്കും പിന്നിലുള്ളത്. വ്യത്യസ്തമായ അഭിപ്രായങ്ങളുള്ളവരെ വളഞ്ഞിട്ട് ആക്രമിച്ചു നിശബ്ദരാക്കാനുള്ള ശ്രമം അഹന്തയുടെ സംഘാതാത്മകരൂപമാണ്. സഭയെയും സഭാധികാരികളെയും സഭയുടെ വിശ്വാ

സത്തെയും ആചാരങ്ങളെയും നിർദ്ദാക്ഷിണ്യം ആക്ഷേപിക്കുന്നവർ സഭയുടെ ശത്രുക്കൾക്ക് വിരുന്നൊരുക്കുന്നതിനാൽ വലിയ സ്വീകാര്യത സാമൂഹിക മാധ്യമങ്ങളിൽ ആർജ്ജിക്കാറുണ്ട്. എന്നാൽ, ദൈവം അവരെ കൈവിട്ടു എന്ന സത്യം അവർ അറിയുന്നില്ല. അഹന്തയുടെ തടവറയിൽനിന്നു പുറത്തു കടക്കാൻ കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്ന ഈ നോമ്പുകാലത്ത് നമുക്ക് അപരന്റെ കുറവുകളെ കരുണയോടെ നോക്കാൻ പഠിക്കാം. ഈ നോമ്പിന്റെ അമ്പതുനാളുകളിലും മറ്റുള്ളവരുടെ നന്മകൾ മാത്രമേ പറയൂ എന്ന തീരുമാനമെടുത്തു നമുക്കു പരിശ്രമിച്ചു തുടങ്ങാം. കുടുംബത്തിലും സമൂഹത്തിലും സഭയിലുമുള്ളവരെക്കുറിച്ചു നാം നന്മ പറഞ്ഞു തുടങ്ങുമ്പോൾ നമ്മിൽ ദൈവസ്വഭാവം നിറയുകയാണ്. പരസ്യപാപിനിയിൽ മഹാപ്രേഷിതയെയും ചുങ്കക്കാരനിൽ സുവിശേഷകനെയും തള്ളിപ്പറയുന്നവനിൽ സഭാതലവനെയും കണ്ടെത്തിയ കർത്താവിന്റെ കണ്ണുകളോടെ നോക്കിയാൽ എത്ര വലിയ കാർമേഘത്തിലും രജതരേഖകൾ വായിച്ചെടുക്കാൻ കഴിയും. നല്ലതു പറയാനുള്ള മാർഗ്ഗവും ഈശോ പറഞ്ഞു തന്നിട്ടുണ്ട് - തിരുവചനത്താൽ നിറയുക. ഓരോ പ്രലോഭനത്തെയും ഈശോ നേരിട്ടത് തിരുവചനത്തിന്റെ ശക്തിയാലാണ്. വചനത്താൽ നിറഞ്ഞ ഹൃദയത്തിൽനിന്ന് നന്മ മാത്രമേ പ്രസരിക്കൂ. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്. അതിനാൽ ഈ നോമ്പുകാലത്ത് എല്ലാ ദിവസവും ഒരു അധ്യായമെങ്കിലും ദൈവവചനം വായിക്കാൻ നമുക്കു പരിശ്രമിക്കാം.

ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന ഒന്നാം പ്രമാണം ഉദ്ധരിച്ചുകൊണ്ടാണ് ഈശോ പിശാചിന്റെ മൂന്നാം പ്രലോഭനത്തെ അതിജീവിക്കുന്നത്. ഓരോ കാലഘട്ടത്തിലും മനുഷ്യന്റെ വിഗ്രഹങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. ദൈവത്തെക്കാളും പ്രാധാന്യത്തോടെ നാം ഇന്നു പരിഗണിക്കുന്ന നിത്യോപയോഗ സാധനം നമ്മുടെ മൊബൈൽ ഫോണാണ്. ജീവിതപങ്കാളിക്കും മക്കൾക്കുമായി പങ്കുവയ്ക്കുന്നതിനേക്കാൾ സമയം പലരും മൊബൈൽ ഫോണുമൊത്താണ് ചെലവഴിക്കുന്നത്. യാത്രകളിൽ, ഭക്ഷണവേളകളിൽ, കുടുംബസദസ്സുകളിൽ പ്രാർത്ഥനാവേളകളിൽ.... തുടങ്ങി മനുഷ്യബന്ധത്തിന്റെ എല്ലാതലങ്ങളെയും മൊബൈൽ ഫോണിലെ സാമൂഹികമാധ്യമങ്ങൾ വിഴുങ്ങിക്കഴിഞ്ഞു. നമ്മിൽ നല്ലൊരു പങ്കും മൊബൈൽ ഫോണിന്റെ അടിമകളായിക്കഴിഞ്ഞു എന്നതാണു സത്യം. എല്ലാത്തിനും ഉത്തരം മൊബൈലിലുണ്ട് എന്ന ചിന്ത വിഗ്രഹാരാധനയാണ്. ഈ നോമ്പുകാലം മൊബൈൽ ഫോണിന്റെയും സാമൂഹികമാധ്യമങ്ങളുടെയും ഉപയോഗം പരമാവധി നിയന്ത്രിച്ച് കുടുംബബന്ധങ്ങൾക്കും സാമൂഹികബന്ധങ്ങൾക്കും സമയം കണ്ടെത്താൻ പരിശ്രമിക്കാം. നമ്മുടെ അയൽപക്ക

ങ്ങളിൽ സന്ദർശനം നടത്തി സംസാരിച്ചിട്ട് എത്ര നാളുകളായി എന്നു ചിന്തിക്കാം. ഈ നോമ്പുകാലത്ത് ചുറ്റുമുള്ള പത്ത് അയൽവീടുകളിലെങ്കിലും, വിശിഷ്യാ മാതാപിതാക്കൾ മാത്രമായി ഒറ്റപ്പെട്ടുപോയ കുടുംബങ്ങളിൽ, കടന്നുചെന്നു സംസാരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഫോൺ വഴിയുള്ള വിരസമായ ഉപചാരവാക്കുകൾക്കപ്പുറം മുഖാമുഖമായി ഹൃദയം ഹൃദയത്തോടു സംസാരിക്കുന്ന പുതിയ സംസ്കാരത്തിന് ഈ നോമ്പുകാലത്ത് നമുക്ക് തുടക്കം കുറിക്കാം.

നോമ്പിന്റെ പരിത്യാഗങ്ങൾ വഴി നമ്മുടെ മുഖംമൂടികൾ വെടിയാനും നാം ആയിരിക്കുന്ന അവസ്ഥയിൽ ദൈവതിരുമുമ്പിൽ സമർപ്പിക്കാനും നമുക്കു പരിശ്രമിക്കാം. എത്ര ചെറിയ പരിത്യാഗവും ദൈവമഹത്വത്തിനായി ചെയ്യുമ്പോൾ അതിനുപ്രതിഫലം ലഭിക്കുമെന്ന് നമുക്കു പ്രത്യാശിക്കാം. "ക്രസ്തുവിനെ അനുഗമിക്കാൻ സ്വയം പരിത്യജിക്കുക. ശരീരത്തെ ജയിക്കാൻ അതിനെ സന്തോഷിപ്പിക്കാനുള്ള വ്യഗ്രത വെടിയുക, പരിത്യാഗങ്ങളെ സ്നേഹിച്ച് സ്വർഗ്ഗം സ്വന്തമാക്കുക" എന്ന വിശുദ്ധ ബനഡിക്ടിന്റെ നിർദ്ദേശം നമുക്കു വഴികാട്ടിയാകട്ടെ. "മനഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കുതന്നെ നീ മടങ്ങും" എന്ന തിരുവചനം ഉച്ചരിച്ച് കുരിശുവരച്ച് വിഭൂതി ആചരിച്ചുകൊണ്ട് ആരംഭിക്കുന്ന നോമ്പുകാലം നിത്യതയിലേക്കുള്ള നമ്മുടെ തീർത്ഥയാത്രയ്ക്കുള്ള ഒരുക്കമാകട്ടെ.

സർവ്വശക്തനായ ദൈവം പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളെ ആശീർവ്വദിക്കട്ടെ

സ്നേഹാംശകളോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 ജനുവരി 25 ന് വി. പൗലോസ് ശ്ലീഹായുടെ മാനസാന്തര തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2024 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

No.: 3999/K-5/KCBC/OL/DS 20.01.2023

**32-ാമത് ലോക രോഗീദിനത്തിൽ**
**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം**
**(ഫെബ്രുവരി 11, 2024)**

## 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല'

### സൗഖ്യദായകമായ ബന്ധങ്ങളാൽ രോഗികളെ സുഖപ്പെടുത്തുന്നത്

'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല' (ഉത്പ 2,18 കാണുക). സ്നേഹമായിരിക്കുന്ന ദൈവം ആദിയിൽതന്നെ നമ്മെ സഹവാസത്തിനായി സൃഷ്ടിച്ചു; മറ്റുള്ളവരുമായി ബന്ധത്തിൽ ഏർപ്പെടാനുള്ള നൈസർഗികമായ കഴിവോടുകൂടിയാണ് അവിടന്ന് നമ്മെ സൃഷ്ടിച്ചത്. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യം പ്രതിഫലിപ്പിക്കുന്ന നമ്മുടെ ജീവിതങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടത് ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും നൽകിയും സ്വീകരിച്ചുമുള്ള സ്നേഹത്തിന്റെയും ശൃംഖലകൾ വഴിയാണ്. ഏകരായിരിക്കാനല്ല, മറിച്ച് ഒരുമിച്ചായിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സഹവാസത്തിന്റേതായ ഈ പദ്ധതി വ്യക്തമായി മനുഷ്യഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും അനുഭവം ഭയാനകവും ദുഃഖകരവും മനുഷ്യത്വരഹിതവുമായ ഒന്നായി നാം കണക്കാക്കുന്നു. ദൗർബല്യത്തിന്റെയും അനിശ്ചിതത്തിന്റെയും അരക്ഷിതത്വത്തിന്റെയും വേളകളിൽ ഈ അനുഭവം നമ്മിൽ കൂടുതൽ ശക്തമാകുന്നു; ഇത് പലപ്പോഴും സംഭവിക്കുന്നത് മാരകമായ രോഗം നമ്മെ കാർന്നുതിന്നാൻ തുടങ്ങുമ്പോഴാണ്.

ഇത്തരുണത്തിൽ, കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭയാനകമായ ഏകാന്തത അനുഭവിച്ച എല്ലാവരെയും ഞാൻ ഓർക്കുകയാണ്: സന്ദർശകരെ സ്വീകരിക്കാൻ കഴിയാതെപോയ രോഗികൾ, അസംഖ്യം നേഴ്സുമാർ, ഡോക്ടർമാർ, ജോലിയുടെ സാഹചര്യവും ഭാരവുംമൂലം ഏകാന്തവാർഡുകളിൽ കഴിയേണ്ടിവന്ന ഇതര സഹായഗണത്തിലെ വ്യക്തികൾ തുടങ്ങിയവർ. തങ്ങളുടെ മരണത്തിന്റെ മണിക്കൂറുകൾ ഏകാകികളായി അഭിമുഖീകരിക്കേണ്ടിവന്ന ആളുകളെ നമുക്കിവിടെ വിസ്മരിക്കാനാകില്ല; ആരോഗ്യപരിപാലകരാൽ അവർ ശുശ്രൂഷിക്കപ്പെട്ടെങ്കിലും അവർ തങ്ങളുടെ കുടുംബങ്ങളിൽനിന്ന് അകലെയായിരുന്നു.

യുദ്ധവും അതിന്റെ ദുരന്തപൂർവകമായ അനന്തരഫലങ്ങളുംമൂലം പിന്തുണയും സഹായവും ലഭ്യമാകാതെയായിത്തീർന്നവരുടെ ദുഃഖത്തിലും സഹനത്തിലും ഒറ്റപ്പെടലിലും ഞാൻ പങ്കുചേരുന്നു. സാമൂഹ്യരോഗങ്ങളിൽ ഏറ്റവും ഭയാനകമായതാണ് യുദ്ധം; അതിന്റെ അതിഭയങ്കരമായ ദുരന്തം അനുഭവിക്കുന്നതോ, ഏറ്റവും ദുർബലരായ വരുമാണ്.

അതേസമയം, സമാധാനം അനുഭവിക്കുകയും കൂടുതൽ വിഭവ സാധ്യതകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളിൽപോലും, വാർദ്ധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തത അനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരും ആണെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ വയ്യ. ഇത് വ്യക്തികേന്ദ്രീകൃത സംസ്കാരത്തിന്റെ (culture of individualism) അനന്തരഫലം ആണെന്ന അസ്വസ്ഥജനകമായ യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും ഉത്പാദനക്ഷമത വർധിപ്പിക്കുക, കാര്യശേഷി എന്ന സങ്കല്പം (myth of efficiency) പുഷ്ടിപ്പെടുത്തുക, തുടങ്ങിയവയാണ് വ്യക്തി കേന്ദ്രീകൃതത്വം താത്പര്യപ്പെടുന്നത്; ഈ പശ്ചാത്തലത്തിൽ വ്യക്തികൾ നിസ്സംഗത പുലർത്തുന്നവരും കഠിനഹൃദയരും അവശ്യംവേണ്ട കാൽവെപ്പുകൾ നടത്താൻ കഴിയാത്തവരും ആയിഭവിക്കുന്നു. അതൊരു വലിച്ചെറിയൽ സംസ്കാരത്തിനു (throw away culture) വഴിതെളിക്കുന്നു. പ്രസ്തുത സംസ്കാരത്തിൽ വ്യക്തികൾ മേലിൽ ശുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട പരമപ്രധാന മൂല്യമുള്ളവരായി കണക്കാക്കപ്പെടുന്നില്ല; പ്രത്യേകിച്ച് അവർ "ഉപയോഗമില്ലാത്തവിധം" ദരിദ്രരോ ഭിന്നശേഷിക്കാരോ, അല്ലെങ്കിൽ ജനിച്ചിട്ടില്ലാത്തവരോ, "ഇനി ആവശ്യമില്ലാത്തവിധം" വൃദ്ധരോ എന്നിവരെപ്പോലെ ആയാൽ (*എല്ലാവരും സഹോദരർ*, [Fratelli Tutti] 8). ദുഃഖകരമെന്നു പറയട്ടെ, ഈ തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പല രാഷ്ട്രീയ തീരുമാനങ്ങളെയും നയിക്കുന്നത്. അത്തരത്തിലുള്ള തീരുമാനങ്ങൾ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെയോ അവന്റെയോ അവളുടെയോ ആവശ്യങ്ങളെയോ മാനിക്കുന്നില്ല. ഓരോ വ്യക്തിക്കും ആരോഗ്യം സംരക്ഷിക്കുക എന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായുള്ള സംവിധാനങ്ങൾ പ്രാപ്യമാകുവാനുള്ള മൗലിക അവകാശം ഉണ്ടെന്നുള്ളതും ഉറപ്പുവരുത്തുന്ന രീതിയിൽ നയങ്ങളും വിഭവങ്ങളും രൂപപ്പെടുത്തുന്നതിനു പ്രസ്തുത തീരുമാനങ്ങൾ സഹായകമാകുന്നില്ല.

ആരോഗ്യപരിരക്ഷണം ശുശ്രൂഷകളുടെ പട്ടികയിൽ കേവലം ഒന്നായി മാത്രം കണക്കാക്കപ്പെടുന്നത് ദുർബലരായവരുടെ തിരസ്കരണത്തിനും അവരെ ഒറ്റപ്പെടുത്തുന്നതിനും സഹായകമായിത്തീരുന്നു; ആരോഗ്യപരിചരണത്തോടൊപ്പം യഥാർഥത്തിൽ ആവശ്യമായുള്ളത് ഡോക്ടർമാരും രോഗികളും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ഒരു ചികിത്സാപരമായ ഉടമ്പടി ('therapeutic covenant') ആണ്.

വേദപുസ്തകത്തിന്റെ വാക്കുകൾ നമുക്ക് ഒരിക്കൽ കൂടി കേൾക്കാം: "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല!" സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പറഞ്ഞതാണിത്. അങ്ങനെ ദൈവം മനുഷ്യരാശിയെക്കുറിച്ചുള്ള പദ്ധതിയുടെ ആഴത്തിലുള്ള അർഥം നമുക്ക് വെളിപ്പെടുത്തിതരുകയും, അതോടൊപ്പം പാപത്തിന്റെ മാരകമായ മുറിവ് സൃഷ്ടിക്കുന്ന സന്ദേഹങ്ങളും വിള്ളലുകളും വിഭജനങ്ങളും തത്ഫലമായുണ്ടാകുന്ന ഒറ്റപ്പെടുത്തലും ചൂണ്ടികാണിക്കുകയും ചെയ്തു.

പാപം വ്യക്തികളെ ആക്രമിക്കുന്നു, അതോടൊപ്പം അവരുടെ എല്ലാ ബന്ധങ്ങളെയും: ദൈവത്തോടും തങ്ങളോടുതന്നെയും ഇതര മനുഷ്യരോടും സൃഷ്ടവസ്തുക്കളോടുംകൂടെ പോലും. ഇത്തരത്തിലുള്ള ഒറ്റപ്പെടുത്തൽ നമ്മുടെ ജീവിതത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽനിന്നുപോലും നമ്മെ വ്യതിചലിപ്പിക്കുന്നു; അത് സ്നേഹത്തിന്റെ സന്തോഷം ഇല്ലാതാക്കുന്നു; മാത്രമല്ല, ജീവിതത്തിന്റെ നിർണായകമായ അവസരങ്ങളിൽ നമ്മെ അലോസരപ്പെടുത്തുന്ന വിധത്തിൽ നാം ഒറ്റയ്ക്കാണ് എന്ന ഒരനുഭവം നമ്മിലുളവാക്കുകയും ചെയ്യുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, ഏതൊരു രോഗത്തിനും ആവശ്യമായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവകവുമായ സാമീപ്യമാണ്. അതിനാൽ, രോഗീപരിചരണം എന്നത് എല്ലാറ്റിനുമുപരി അവരുടെ ബന്ധങ്ങളെ പരിചരിക്കുന്നതാണ്, എല്ലാത്തരത്തിലുമുള്ള ബന്ധങ്ങൾ: ദൈവത്തോടും മറ്റുള്ളവരോടും - കുടുംബാംഗങ്ങൾ, സ്നേഹിതർ, ആരോഗ്യശുശ്രൂഷകർ - സൃഷ്ടവസ്തുക്കളോടും തങ്ങളോടുതന്നെയും. ഇത് ചെയ്യാനാവുമോ? തീർച്ചയായും, ഇത് ചെയ്യാനാകും; ഇത് നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമരിയാക്കാരന്റെ ചിത്രത്തിലേക്ക് നമുക്ക് നോക്കാം (ലൂക്കാ 10,25-37); ഇറങ്ങിചെല്ലാനും, മറ്റൊരു വ്യക്തിയുടെ സമീപത്ത് എത്താനും, വേദന

അനുഭവിക്കുന്ന ഒരു സഹോദരന് ആർദ്രമായ സ്നേഹംപകരാനും അവന്റെ മുറിവുകൾ വച്ചുകെട്ടാനും അയാൾ കാണിക്കുന്ന താത്പര്യം നമുക്ക് ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഈ കേന്ദ്രസത്യം നമുക്ക് അനുസ്മരിക്കാം: നമ്മൾ ഈ ലോകത്തിലേക്കു വന്നത് ആരോ നമ്മളെ സ്വാഗതം ചെയ്തതുകൊണ്ടാണ്; സ്നേഹത്തിനായാണ് നാം സൃഷ്ടിക്കപ്പെട്ടത്: സംസർഗത്തിനും സാഹോദര്യത്തിനുമാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ഈ അംശമാണ് നമ്മെ നിലനിർത്തുന്നത്, ഏറെ പ്രത്യേകിച്ച് രോഗത്തിന്റെയും ദൗർബല്യത്തിന്റെയും വേളകളിൽ. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ നാം ഉപയോഗിക്കേണ്ട ആദ്യ ചികിത്സാരീതി (first therapy).

താത്ക്കാലികമായോ നിരന്തരമായോ രോഗങ്ങളാൽ ക്ലേശിക്കുന്ന സഹോദരരോട് ഞാൻ ഇപ്രകാരം പറയും: സാമിപ്യത്തിനും ആർദ്രതയ്ക്കും ആയുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല; ആ ആഗ്രഹം മറച്ചുപിടിക്കേണ്ടതില്ല; നിങ്ങൾ മറ്റുള്ളവരുടെമേൽ ഒരു ഭാരം ആണെന്നു കരുതേണ്ടതുമില്ല. രോഗിയായുള്ള ആളിന്റെ അവസ്ഥ, നമ്മെത്തന്നെ വീണ്ടും കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനായി, നമ്മുടെ ജീവിതത്തിന്റെ അമിതവേഗത്തിലുള്ള പാച്ചിൽ അല്പം കുറയ്ക്കാനുള്ള അവസരമാണ്.

ഐതിഹാസികമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് യേശുക്രിസ്തുവിന്റെ ആർദ്രഭാവം സ്വന്തമാക്കാനായി ക്രിസ്ത്യാനികളായ നാമെല്ലാവരും സവിശേഷമായി ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും, ചിലപ്പോഴെങ്കിലും പാർശ്വവൽകരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യപ്പെടുന്ന സഹോദരരെ നമുക്ക് ശുശ്രൂഷിക്കാം.

പ്രാർഥനവഴി, പ്രത്യേകിച്ച് ദിവ്യപൂജവഴി, കർത്താവായ ക്രിസ്തു നമ്മുടെമേൽ ചൊരിയുന്ന പരസ്പര സ്നേഹചൈതന്യംകൊണ്ട് നമുക്ക് ഏകാന്തതയുടെയും ഒറ്റപ്പെടുത്തലിന്റെയും മുറിവുകൾ ഉണക്കാം. ഈ രീതിയിൽ, സ്വാർഥത്തിന്റെയും നിസ്സംഗതയുടെയും പ്രയോജനരഹിതമെന്ന കാഴ്ചപ്പാടിന്റെയും സംസ്കാരത്തെ പ്രതിരോധിക്കുന്നതിൽ നമുക്ക് പങ്കുകാരാകാം, അങ്ങനെ നമുക്ക് ആർദ്രതയുടെയും അനുകമ്പയുടെയും ഒരു സംസ്കൃതിക്കു കാരണമാകാം.

രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്; അവർ നമ്മുടെ മാനുഷിക പരിഗണനയുടെയും അജപാലനപരമായ ശ്രദ്ധയുടെയും ഹൃദയഭാഗം അലങ്കരിക്കുന്നവരാകണം. ഇക്കാര്യം നാം വിസ്മരിക്കാതിരിക്കട്ടെ! രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമുക്ക് നമ്മെതന്നെ ഭരമേൽപ്പിക്കാം; അങ്ങനെ അവൾ നമുക്കുവേണ്ടി പ്രാർഥിക്കട്ടെ; സാമീപ്യത്തിന്റെയും സഹോദരതുല്യമായ ബന്ധങ്ങളുടെയും ശില്പികളായിത്തീരാൻ അവൾ നമ്മെ സഹായിക്കട്ടെ!

റോമിലെ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് 2024 ജനുവരി 10-ാം തീയതി നൽകപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം പി.ഒ.സി., കൊച്ചി - 682 023

---

NB: ഈ സർക്കുലർ 2024 ഫെബ്രുവരി 04-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

No.: 3997/K-5/KCBC/OL/DS 20.01.2023

# 2024 ഫെബ്രുവരി 11 തിരുബാലസഖ്യ ദിനം

## കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2: 51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം

ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവിടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം (സ്നേഹത്തിന്റെ സന്തോഷം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ' ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തിവിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽ പോലും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും

എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിതശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ

വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന് പുറത്തേക്ക് പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി' യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം പി.ഒ.സി., കൊച്ചി - 682 025

---

**NB:** 2024 ഫെബ്രുവരി 04-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

No.: 3998/K-5/KCBC/OL/DS 20.01.2023

# മദ്യവിരുദ്ധ ഞായർ
## 2024 ഫെബ്രുവരി 25

### മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ ഫെബ്രുവരി 25 – മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധ ഞായറിന് വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. കേരളം മദ്യ-മയക്കുമരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിത താവളമായി കേരളം മാറിയെന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കു നിർത്താനും അമർച്ച ചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ സമൂഹവും സഭയും ഉണരേണ്ടതും അനിവാര്യമാണ്.

മദ്യവിരുദ്ധ സഭയും സമൂഹവും എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ടു 25 വർഷം പിന്നിടുകയാണ്. ജനദ്രോഹപരമായി ഭരണനേതൃത്വം കാലാകാലങ്ങളിലായി പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുൻപിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റിനർകോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാന വ്യാപകമായ ലഹരിവേട്ടയിൽ രാജ്യാന്തര വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരി മരുന്നുകളാണ് പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർത്ഥതപോലും സംശായസ്പദമായിരിക്കുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളി കൈകളിൽ നിന്ന് നമ്മുടെ സ്കൂൾ - കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികളെയും യുവതി യുവാക്കളെയും

രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരെ പോരാടുവാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ നിന്നും മാറ്റി നിർത്താൻ ആർജ്ജവത്വം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കിത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാന കാരണമായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറിയ ആലസ്യങ്ങൾപോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചു വരുത്തും.

ആത്മാർത്ഥതയും അർപ്പണ മനോഭാവമുള്ള മദ്യവരുദ്ധ പ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ 6 മേഖലകളായി തിരിച്ച് ഓരോ മേഖല ഡയറക്ടറച്ചന്മാരുടെ സഹായത്തോടെ ഫൊറോനാ, ഇടവകതലങ്ങളിലായി മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതിയിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്ന് സഭയ്ക്കുള്ളത്. സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തകർ തയ്യാറാകണം. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരെയുള്ള പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹന ജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസലഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെ മാത്രമെ ഈ വിപത്തിനെ ചെറുത്തു തോല്പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യ ചേരുവ സ്പിരിറ്റാണ്. കരിമ്പിൻ ചണ്ടിയിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത് നിർമ്മിക്കുന്ന എതനോലിൽ (Ethanol) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമ രുചികളും നിശ്ചിത അളവിൽ വെള്ളവും ചേർത്ത് കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യത്തിനു ഹാനികരമായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവയവങ്ങളെ പ്രധാനമായും തലച്ചോറിനെ ദോഷകരമായി ബാധിക്കും. ഉപഭോക്താവിന്റെ ചിന്താശക്തിയെ അത് നശിപ്പിക്കുന്നു. മദ്യ-രാസലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധ

ശക്തി കുറയുന്നു. അതുമൂലം പകർച്ച വ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കുകമാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പത്തും അത് നഷ്ടപ്പെടുത്തുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കു വഴിയൊരുക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങളിൽ ഏറ്റവും വലിയ വില്ലൻ മദ്യ- രാസലഹരിയുടെ ഉപയോഗം തന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പ്രഖ്യാപിച്ച് നയരേഖയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ച ജനപ്രതിനിധികൾ മദ്യവർജനത്തിനുവേണ്ടി ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഏഴു വർഷം മുമ്പ് 29 ബാറുണ്ടായിരുന്ന ഈ സംസ്ഥാനത്ത് 751 ബാറുകളാണിന്നുള്ളത്. യഥേഷ്ടം ബിവിറേജ് ഔട്ട്ലറ്റുകളും IT മേഖലകളിൽ പബ്ബുകൾ ആരംഭിച്ചതും പഴച്ചാറിൽ നിന്ന് മദ്യം ഉൽപാദിപ്പിച്ചതും അവസാനമായി നിത്യോപയോഗ സാധനങ്ങൾ ലഭിച്ചിരുന്ന സിവിൽസപ്ലൈ കടകൾവരെ വിപണന കാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്തപ്പെട്ടവർ തന്നെ. 2023 മെയ്മാസം കൊച്ചി പുറംകടലിൽ നിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബി.യും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനംപ്രതി കടൽ, കര, വ്യോമ മാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിന് രാസലഹരി നിർബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭ്രാന്താലയമാകും.

മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സി.യുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതാതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക, ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക, മദ്യ-ലഹരിവിരുദ്ധ സന്ദേശയാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും നിദാനങ്ങൾ മാത്രം. കേരളത്തിൽ മദ്യ-ലഹരി വിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രിയാത്മകമായും പ്രവർത്തിക്കുന്നതുപോലെ നമ്മുടെ

സമൂഹത്തിൽ നാശംവിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യുഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് സെബാസ്ത്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം പി.ഒ.സി., കൊച്ചി - 682 023

NB: ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

# കച്ചേരിക്കാര്യം

ഫെബ്രുവരി 2024

## 1. ബഹു. വൈദികരുടെ സ്ഥലമാറ്റവും നിയമനവും (04-02-2024)

1. റവ. ഫാ. കവിയിൽ ഫിലിപ്പ് - ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ് (അധിക ചുമതല)
2. റവ. ഫാ. മാപ്പിളപ്പറമ്പിൽ തോമസ് ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്, അഡ്ജുറ്റന്റ് ജുഡീഷ്യൽ വികാർ
3. റവ. ഫാ. പൂവന്നിക്കുന്നേൽ ജോസ് - വികാരി, കോടോപ്പള്ളി
4. റവ. ഫാ. പുതുമന ജോസഫ് - പ്രോ. വികാരി, അരീക്കമല
5. റവ. ഫാ. ഓലിക്കരോട്ട് തോമസ് - അജപാലനശുശ്രൂഷ ഗ്രേറ്റ് ബ്രിട്ടൺ
6. റവ. ഫാ. വെട്ടിയാനിയിൽ ആന്റണി - ഉപരിപഠനം
7. റവ. ഫാ. കളത്തിൽ തോമസ് - ഉപരിപഠനം
8. റവ. ഫാ. നൂറാന്മാക്കൽ ജോൺ - എക്സി. ഡയറക്ടർ കമ്മ്യൂണിറ്റി റേഡിയോ (അധിക ചുമതല)
9. റവ. ഫാ. കോട്ടുചേരാടി മാത്യു - അമ്മവീട്, ഇരിട്ടി

### അസിസ്റ്റന്റ് വികാരിമാർ

10. റവ. ഫാ. ആനിക്കുഴിക്കാട്ടിൽ മാത്യു - അങ്ങാടിക്കടവ്
11. റവ. ഫാ. അറയ്ക്കൽ അഗസ്റ്റിൻ - കൊളക്കാട്
12. റവ. ഫാ. ചെല്ലംകോട്ട് ജോസഫ് - കുടിയാന്മല
13. റവ. ഫാ. ചെമ്പകശ്ശേരി ചെറിയാൻ - ചെമ്പേരി
14. റവ. ഫാ. ചെംബ്ലായിൽ മാത്യു - പാണത്തൂർ
15. റവ. ഫാ. ചിന്താർമണിയിൽ തോമസ് - തിരുമേനി
16. റവ. ഫാ. ചിറയ്ക്കൽ ജോസഫ് SVD - രയറോം
17. റവ. ഫാ. ചൊള്ളംപുഴ ജോസഫ് - ആലക്കോട്
18. റവ. ഫാ. ഇല്ലിക്കൽ സ്കറിയ MSFS - പേരാവൂർ

19. റവ. ഫാ. ഇട്ടിയപ്പാറ ഫ്രാൻസീസ് MCBS - തോമാപുരം
20. റവ. ഫാ. കദളിയാൻ ജോസ് ISCH - ചന്ദനക്കാംപാറ
21. റവ. ഫാ. കരിങ്ങാലിക്കാട്ടിൽ ജോസഫ് - കണിച്ചാർ
22. റവ. ഫാ. കായംകാട്ടിൽ ജോർജ് - പാലാവയൽ
23. റവ. ഫാ. കുന്നക്കാട്ട് സെബാസ്റ്റ്യൻ SDB - വിളക്കന്നൂർ
24. റവ. ഫാ. മൂന്നാനാൽ മാത്യു - കിളിയന്തറ
25. റവ. ഫാ. മഞ്ഞളാംങ്കൽ അബ്രാഹം SVD - തളിപ്പറമ്പ
26. റവ. ഫാ. മാമ്പുഴക്കൽ റൂബിൾ മാർട്ടിൻ SJ - മണ്ഡളം
27. റവ. ഫാ. മുണ്ടക്കൽ പോൾ - മാലോം
28. റവ. ഫാ. മുഞ്ഞനാട്ട് ജോസഫ് - എടൂർ
29. റവ. ഫാ. മുള്ളംകുഴി ജോൺ - കരിക്കോട്ടക്കരി
30. റവ. ഫാ. പരിയാനിക്കൽ മാത്യു - പെരുമ്പടവ്
31. റവ. ഫാ. പൂകമല തോമസ് - എടൂർ
32. റവ. ഫാ. തൈപ്പറമ്പിൽ സെബാസ്റ്റ്യൻ - ചെറുപുഴ
33. റവ. ഫാ. തകിടിയേൽ ജോസഫ് - മണിക്കടവ്
34. റവ. ഫാ. തെങ്ങുംപള്ളിൽ ജോർജ് - കാഞ്ഞങ്ങാട്
35. റവ. ഫാ. തുരുത്തേൽ ജോസഫ് - ഉദയഗിരി
36. റവ. ഫാ. വെള്ളക്കിഴങ്ങിൽ ജോർജ് MSJ - മേരിഗിരി
37. റവ. ഫാ. ഓളോമന അലോഷ്യസ് - പൈസക്കരി

**2. നന്ദി, സ്വാഗതം**

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ സഹവികാരിമാരായി ശുശ്രൂഷ ചെയ്തിനുശേഷം സ്വന്തം സന്യാസസമൂഹങ്ങളിലേയ്ക്ക് തിരികെപോകുന്ന ഫാ. കൂട്ടിയാനിക്കൽ അഗസ്റ്റിൻ MSJ, ഫാ. ഐക്കര ജോസഫ് MCBS, ഫാ. പുത്തൻപുരയ്ക്കൽ ജോൺ MCBS, ഫാ. വെങ്കിട്ടയിൽ ജോൺ OCD, ഫാ. മരക്കാശ്ശേരി സെബാസ്റ്റ്യൻ RCJ, ഫാ. പനേങ്ങാടൻ ഫ്രാൻസീസ് ISCH, ഫാ. പുത്തൻപുരയ്ക്കൽ സെബാസ്റ്റ്യൻ, എന്നീ വൈദിക സഹോദരങ്ങൾക്ക് അതിരൂപതയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

നമ്മുടെ അതിരൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ഫാ. ചിറയ്ക്കൽ ജോസഫ് SVD, ഫാ. സ്കറിയ ഇല്ലിക്കൽ MSFS, ഫാ. കദളിയാൻ ജോസ് ISCH, ഫാ. കുന്നക്കാട്ട് സെബാസ്റ്റ്യൻ SDB, ഫാ. മഞ്ഞളാംങ്കൽ അബ്രാഹം SVD, ഫാ. മുഞ്ഞനാട്ട് ജോസഫ്, ഫാ. വെള്ളക്കിഴങ്ങിൽ ജോർജ് MSJ, ഫാ. ഓളോമന അലോഷ്യസ് എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം.

### 3. ആശംസകൾ

തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ, ആൽഫാ ഡയറക്ടർ എന്നീ നിലകളിൽ കഴിഞ്ഞ മൂന്നരവർഷങ്ങളായി സ്തുത്യർഹമായ സേവനം കാഴ്ചവച്ച് ഗ്രേറ്റ് ബ്രിട്ടൺ രൂപതയിലെ സീറോ മലബാർ വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്കായി ബഹു. ടോം ഓലിക്കരോട്ട് അച്ചൻ 2024 ജനുവരി 28 ന് യാത്രയായി. വചനപ്രഘോഷണ രംഗത്തും മാധ്യമ രംഗത്തും നിറഞ്ഞുനിന്ന ബഹുമുഖ പ്രതിഭയായ ബഹു. ടോം ഓലിക്കരോട്ടച്ചന്റെ പ്രവർത്തനങ്ങൾ ഗ്രേറ്റ് ബ്രിട്ടനിലെ സീറോ മലബാർ സഭയുടെ വളർച്ചയ്ക്കു പുതിയ ദിശാബോധം നല്കട്ടെ. പ്രവാസികളായ ദൈവജനത്തിനുവേണ്ടിയുള്ള ടോം അച്ചന്റെ എല്ലാ അജപാലന പ്രവർത്തനങ്ങൾക്കും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

റോമിൽനിന്നും സഭാനിയമത്തിൽ പഠനം പൂർത്തിയാക്കി തിരികെ എത്തി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറും അതിരൂപതാ ട്രൈബ്യൂണലിൽ അഡ്ജുറ്റന്റ് ജുഡീഷ്യൽ വികാരിയായും സേവനം ആരംഭിച്ചിരിക്കുന്ന ബഹു. തോമസ് മാപ്പിളപ്പറമ്പിൽ അച്ചന് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

### 4. നോമ്പുകാലം

ഈ വർഷത്തെ അമ്പത് നോമ്പ് ഫെബ്രുവരി 12-ാം തീയതിയാണ് ആരംഭിക്കുന്നത്. നോമ്പുകാലത്ത് വിവാഹാഘോഷങ്ങൾക്ക് മുടക്കമായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു. മറ്റ് ചടങ്ങുകളും നോമ്പിന്റെ ലാളിത്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

### 5. ലോകരോഗീദിനം

ലോകരോഗീദിനമായി ആചരിക്കുന്ന ഫെബ്രുവരി 11-ാം തീയതി എല്ലാ ഇടവകകളിലും രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന, കിടപ്പുരോഗികളെ സന്ദർശിക്കുക, അവർക്ക് വി. കുമ്പസാരത്തിനും വി. കുർബാന സ്വീകരണത്തിനുമുള്ള അവസരം ഒരുക്കുക തുടങ്ങിയ ശുശ്രൂഷയിലൂടെ അനുസ്മരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 6. തിരുബാലസഖ്യദിനം - ഫെബ്രുവരി 11

ഈ വർഷം ഫെബ്രുവരി 11-ാം തീയതിയാണ് തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കുന്നോത്ത് ഫൊറോനാ ദൈവാലയത്തിൽ ബലിയർപ്പിച്ച് തിരുബാലസഖ്യദിനം ഉദ്ഘാടനം ചെയ്യും. ഇടവകകളിൽ ഉചിതമായ പരിപാടികളോടെ തിരുബാലസഖ്യ ദിനമായി ആചരിക്കുമല്ലോ. അന്നേദിവസത്തെ സ്തോത്രക്കാഴ്ച

തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പി ക്കേണ്ടതാണ്.

**7. വൈദികസമിതി സമ്മേളനം**

തലശ്ശേരി അതിരൂപത പ്രെസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 2024 ഫെബ്രുവരി 13 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ സന്ദേശഭവനിൽ ചേരുന്നു. പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളായ ബഹു. വൈദികർ ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**8. പുതിയ ഫോൺ നമ്പറുകൾ**

1. റവ. ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ – 8589946857
2. റവ. ഫാ. ജോസഫ് ചെല്ലംങ്കോട്ട് – 7025052553
3. റവ. ഫാ. ചെറിയാൻ ചെമ്പകശ്ശേരി – 8281043139
4. റവ. ഫാ. മാത്യു ചെംബ്ലായിൽ – 9495752797
5. റവ. ഫാ. തോമസ് ചിന്താർമണിയിൽ – 9207673080
6. റവ. ഫാ. ജോസഫ് ചൊള്ളംമ്പുഴ – 6238823717
7. റവ. ഫാ. ജോസഫ് കരിങ്ങാലിക്കാട്ടിൽ – 9495722632
8. റവ. ഫാ. മാത്യു മൂന്നാനാൽ – 9633918242
9. റവ. ഫാ. ജോൺ മുള്ളംകുഴി – 8281031587
10. റവ. ഫാ. പോൾ മുണ്ടയ്ക്കൽ – 9544488672
11. റവ. ഫാ. ജോർജ് തെങ്ങുംപള്ളിൽ – 9495296117
12. റവ. ഫാ. ജോസഫ് തുരുത്തേൽ – 7034219184
13. റവ. ഫാ. സെബാസ്റ്റ്യൻ തൈപ്പറമ്പിൽ – 6238693854

**9. ആദരാഞ്ജലികൾ**


**1. ശ്രീമതി. ത്രേസ്യാമ്മ തെക്കേമുറിയിൽ (79) :** ബഹു. മാത്യു തെക്കേ മുറിയിലച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ തെക്കെമുറിയിൽ 2024 ജനുവരി 6ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ജനു വരി 8ന് കോതമംഗലം രൂപതയിലെ പെരുമ്പള്ളിച്ചിറ സെന്റ് ജോസഫ്സ് ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവി ന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമ്മികത്വ ത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ വ്യസനിക്കുന്ന ബഹു. തെക്കേമുറിയിൽ ഷാജി അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടും ബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തി ക്കായി പ്രാർത്ഥിക്കാം.

**2. റവ. സി. ബെർത്ത പള്ളിക്കുന്നേൽ എസ്. എച്ച് (87) :** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ്



അംഗവും നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിക്കുകയുമായിരുന്ന സി. ബെർത്ത പള്ളിക്കുന്നേൽ 2024 ജനുവരി 7ന് നിര്യാതയായി. തരിയോട്, പൈസക്കരി, വായാട്ടുപറമ്പ്, ഉദയഗിരി, കുളത്തുവയൽ, പേരാവൂർ, നിർമ്മലഗിരി, വെള്ളാട്, ഉദന, തൊണ്ടിയിൽ ബാലഭവൻ, തൊക്കിലങ്ങാടി നഴ്സിംഗ് സ്കൂൾ, പേരാവൂർ, കരുവഞ്ചാൽ എന്നീ മഠങ്ങളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്കാരശുശ്രൂഷകൾ 2024 ജനുവരി 7-ന് പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. നമ്മിൽനിന്നും വേർപിരിഞ്ഞ പ്രിയപ്പെട്ട സി. ബെർത്തയുടെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**3. റവ. ഫാ. സിറിൾ ഇമ്മാനുവേൽ കുറ്റിക്കൽ OFM Cap (37) :** കണ്ണൂർ പാവനാത്മ കപ്പൂച്ചിൻ സഭാംഗമായ റവ. ഫാ. സിറിൾ ഇമ്മാനുവേൽ കുറ്റിക്കൽ 2024 ജനുവരി 16ന് നിര്യാതനായി. 2015 നവംബറിൽ തിരുപ്പട്ടം സ്വീകരിച്ച് മാനന്തവാടി രൂപതയിലെ കുഞ്ഞോം സെന്റ് ആന്റണീസ് ഇടവകയിൽ അസി. വികാരിയായും പയ്യന്നൂർ അമലഗിരി സെമിനാരിയിൽ അധ്യാപകനായും ഗുജറാത്തിലെ രാജ്കോട്ടിൽ മിഷനറിയായും സേവനം ചെയ്തു. തലശ്ശേരി അതിരൂപതയിൽ തളിപ്പറമ്പ് ഫൊറോനാ കെ.സി.വൈ.എം. ഡയറക്ടറായി നാലുവർഷം ബഹു. സിറിൾ അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. റോമിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് അച്ചൻ രോഗബാധിതനാണെന്ന് അറിഞ്ഞത്. ചികിത്സയിൽ ആയിരിക്കുമ്പോഴാണ് ആകസ്മികമായി അച്ചൻ മരണപ്പെടുന്നത്. മൃതസംസ്കാര ശുശ്രൂഷകൾ 2024 ജനുവരി 18 ന് പട്ടാരം വിമലഗിരി കപ്പൂച്ചിൻ ആശ്രമ സിമിത്തേരിയിൽ നടന്നു. ബഹു. സിറിൾ അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. കപ്പൂച്ചിൻ കണ്ണൂർ പാവനാത്മ പ്രൊവിൻസിലെ മുഴുവൻ വൈദികരോടും സിറിൾ അച്ചന്റെ വേർപാടിലുള്ള തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.



**4. റവ. സി. സിൽവിയ പുതിയാപറമ്പിൽ എസ്. എച്ച് (85) :** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗവും സാൻജോസ് ഭവനാംഗവുമായിരുന്ന റവ. സി. സിൽവിയ എസ്. എച്ച്. 2024 ജനുവരി 21ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ 2024 ജനുവരി 22ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമി



കത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. തൊണ്ടിയിൽ, വായാട്ടുപറമ്പ്, ചുങ്കക്കുന്ന്, കൂരാച്ചുണ്ട്, കല്ലാനോട്, നിർമൽ ഭവൻ, തലശ്ശേരി, പെരുമ്പടവ്, സിദ്ധാപുരം, തൊക്കിലങ്ങാടി, മാങ്ങോട്, എന്നിവിടങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. തലശ്ശേരി ആർച്ച്ബിഷപ്സ് ഹൗസിൽ മെസ് മാനേജരായും ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലും സി. സിൽവിയ ശുശ്രൂഷ ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

## 10. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ | - 01-02-2016 |
| 2. | റവ. ഫാ. സക്കറിയാസ് കട്ടക്കൽ | - 05-02-2020 |
| 3. | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ | - 10-02-1987 |
| 4. | റവ. ഫാ. പോൾ കളപ്പുര | - 11-02-1998 |
| 5. | റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ | - 17-02-1973 |
| 6. | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ | - 20-02-1983 |
| 7. | റവ. ഫാ. പോൾ വെട്ടിക്കനാക്കുടി | - 22-02-1960 |
| 8. | റവ. ഫാ. മാത്യു മുതിരചിന്തിയിൽ | - 24-02-2011 |
| 9. | റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ | - 25-02-1981 |
| 10. | റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ | - 25-02-1989 |
| 11. | റവ. ഫാ. ജോസഫ് പുത്തൻപുര | - 27-02-1998 |
| 12. | റവ. ഫാ. തോമസ് നടയിൽ | - 28-02-2020 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# നവീകരണ ധ്യാനം

1. അതിരൂപതാതല നവീകരണ ധ്യാനം ഇതിനോടകം ഒൻപത് ഫൊറോനകളിൽ വിജയകരമായി പൂർത്തിയായി. 2024-ൽ ബാക്കിയുള്ള 10 ഫൊറോനകളിലും ധ്യാനങ്ങൾ നടക്കും. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 6 ഫൊറോനകളിൽ നടത്തുന്ന ധ്യാനങ്ങളുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

2. എല്ലാ നവീകരണ ധ്യാനത്തിനും നമുക്ക് അനുഗ്രഹമായും മാർഗ്ഗദീപമായും പ്രചോദന നേതൃത്വം നൽകിയ ധ്യാന ടീം കോർഡിനേറ്റർ ബഹു. ടോം ഓലിക്കരോട്ടച്ചൻ നവ അജപാലന ശുശ്രൂഷക്കായി ഗ്രേറ്റ് ബ്രിട്ടണിലേക്ക് പോവുകയാണ്. ധ്യാനരംഗത്ത് പ്രവാചക ശബ്ദമായി നിലകൊണ്ട്, അസാധ്യതകളെ സാധ്യതകളാക്കി തീർത്ത കൃപയുടെ നിറവുള്ള സാന്നിധ്യമായിരുന്ന പ്രിയപ്പെട്ട ടോം ഓലിക്കരോട്ടച്ചന് ഒരായിരം നന്ദി.

3. നവീകരണ ധ്യാനത്തിന് പുതിയ കോർഡിനേറ്ററായി ബഹു. തോമസ് മാപ്പിളപ്പറമ്പിൽ (മനു) അച്ചനെ നിയമിച്ചിരിക്കുന്നു. മനു അച്ചന് വിജയാശംസകൾ!!!

4. ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ നടക്കുന്ന ധ്യാനങ്ങൾ.

**MALOME FORANE 2024 February 15-18 (Thursday -Sunday)**

| No | Parish | Retreat Team | Ph.Number |
|---|---|---|---|
| 1 | Athirumavu | Fr. Jith Kalappura & Team | 8086845202 |
| 2 | Anamanjal | Fr. Xavier Puthenpura Sr. & Team | 9496121536 |
| 3 | Chully | Fr. Joseph Vadakkepparambil & Team | 9495097312 |
| 4 | Konnakkad | Fr. Lijo Ofm Cap & Team | 9188868486 |
| 5 | Malome | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 6 | Nattakkal | Fr. Roy CSSR & Team | 8281886480 |
| 7 | Paramba | Fr. Chacko Kudiparambil & Team | 9446988495 |
| 8 | Puncha | Fr. Jesbin Illickal OCD & Team | 9400549047 |

**VAYATTUPARAMBA FONANE 2024 February 22-25 (Thursday -Sunday)**

| No | Parish | Retreat Team | Ph.Number |
|---|---|---|---|
| 1 | Alphonsagiri (Thermala) | Fr. Jesbin Illickal OCD & Team | 9400549047 |
| 2 | Karunapuram | Fr. Mathew Asaripparambil & Team | 9447607101 |
| 3 | Karuvanchal | Fr. Roy CSSR & Team | 8281886480 |
| 4 | Mavumchal | Fr. Lijo Ofm Cap & Team | 9188868486 |
| 5 | Pathenpara | Fr. Shaji OFM Con & Team | 9446608997 |
| 6 | Thadikkadavu | Fr. Jomet Manjalamkunnel & Team | 6282721728 |

| | | | |
|---|---|---|---|
| 7 | Vayattuparamba I | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 8 | Vayattuparamba 2 | Fr. Kuriakose Kolakkunnel & Team | 9495546307 |
| 9 | Vellad | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Vijayapuram | Fr. Jithin Paloli MCBS & Team | 9778142074 |

**PANATHADY FORANE - 2024 February 29 March 03 (Thursday - Sunday)**

| No | Parish | Retreat Team | Ph.Number |
|---|---|---|---|
| 1 | Adottukayam | Fr. Chacko Kudiparambil & Team | 9446988495 |
| 2 | Kallar | Fr. Jithin Paloli MCBS & Team | 9778142074 |
| 3 | Kottody | Fr. Roy CSSR & Team | 8281886480 |
| 4 | Manadukkom | Fr. Joseph Vadakkepparambil & Team | 9495097312 |
| 5 | Marypuram | Fr. Lijo Ofm Cap & Team | 9188868486 |
| 6 | Padimaruth | Fr. Shaji OFM Con & Team | 9446608997 |
| 7 | Paduppu | Fr. Jith Kalappura & Team | 8086845202 |
| 8 | Panathady | Msgr Mathew Elamthuruthippadavil& Team | 9495616753 |
| 9 | Panathoor | Fr. Jesbin Illickal OCD & Team | 9400549047 |

**THALIPARAMBA FORANE - 2024 March 07-10 (Thursday - Sunday)**

| No | Parish | Retreat Team | Ph.Number |
|---|---|---|---|
| 1 | Ammamkulam | Fr. Xavier Puthenpura Sr. & Team | 9496121536 |
| 2 | Balesugiri | Fr. Jith Kalappura & Team | 8086845202 |
| 3 | Kannur | Fr. Augustin Mundakkatt VC & Team | 9447403562 |
| 4 | Melechovva | Fr. Sebastian Muttathupara & Team | 9645158918 |
| 5 | Pariyaram | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 6 | Payyannur | Fr. Joseph Muttathukunnel & Team | 6282042414 |
| 7 | Thaliparamba | Fr. Kuriakose Kolakkunnel & Team | 9495546307 |

**VELLARIKUNDU FORANE - 2024 March 14-17 (Thursday - Sunday)**

| No | Parish | Retreat Team | Ph.Number |
|---|---|---|---|
| 1 | Attakandam | Fr. Akhil Mukkuzhy &Team | 9745903288 |
| 2 | Attenganam | Fr. Austin Chackamkunnel & Team | 9497436252 |
| 3 | Balal | Fr. Lijo Ofm Cap & Team | 9188868486 |
| 4 | Bheemanady | Fr. Jith Kalappura & Team | 8086845202 |
| 5 | Birikulam | Fr. Fr. Jithin Paloli MCBS & Team | 9778142074 |
| 6 | Kalichamaram | Fr. Shaji OFM Con & Team | 9446608997 |

| | | | |
|---|---|---|---|
| 7 | Kanakappally | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 8 | Punnkkunnu | Fr. Joseph Vadakkepparambil & Team | 9495097312 |
| 9 | Vellarikundu | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Vimalagiri | Fr. Roy CSSR & Team | 8281886480 |

**ALAKODE FORANE - 2024 March 19 - 22 (Tuesday - Friday)**

| No | Parish | Retreat Team | Ph.Number |
|---|---|---|---|
| 1 | Alakode | Fr. Lijo Ofm Cap & Team | 9188868486 |
| 2 | Arivilanjapoil | Fr. Jith Kalappura & Team | 8086845202 |
| 3 | Cheekkad | Fr. Jithin Paloli MCBS & Team | 9778142074 |
| 4 | Jayagiri | Fr. Joseph Vadakkepparambil & Team | 9495097312 |
| 5 | Karthikapuram | Fr. Shaji OFM Con & Team | 9446608997 |
| 6 | Kuttaparamba | Fr. Xavier Puthenpura Sr. & Team | 9496121536 |
| 7 | Mampoil | Fr. Jomet Manjalamkunnel & Team | 9400979604 |
| 8 | Manakkadavu | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 9 | Nellippara | Fr. Sebastian Muttathupara & Team | 9645158918 |
| 10 | Ottathai | Fr. Roy CSSR & Team | 8281886480 |
| 11 | Parappa | Fr. Joseph Muttathukunnel & Team | 6282042414 |
| 12 | Udayagiri | Msgr Mathew Elamthuruthippadavil & Team | 9495616753 |
| 13 | Vijayagiri (Kappimala) | Fr. Jiss Kalappura & Team | 6282368404 |

**NB:** 1. ബഹു. വികാരിയച്ചന്മാർ ധ്യാനഗുരുക്കന്മാരുമായി സംസാരിച്ച് ധ്യാനത്തിന്റെ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

2. ധ്യാന വിളംബരത്തിനായി വരുന്ന അച്ചന്മാരെയും ഫോണിൽ ബന്ധപ്പെട്ട് ക്ഷണിക്കുമല്ലോ.

ദൈവാനുഗ്രഹസമ്പന്നമായ ധ്യാനം ആശംസിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

“ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു” (ലൂക്കാ 2:52).

**1. ഡിപ്ലോമ പരീക്ഷ - നന്ദി**

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ നടത്തി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും ക്ലാസ്സ് അധ്യാപകർക്കും അതിരൂപത വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ നന്ദി.

**2. യാത്രയയപ്പ് മീറ്റിംഗ്**

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയാക്കി പോകുന്നതിനുമുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**3. വാർഷികപരീക്ഷ I - XI - ഏപ്രിൽ 6 ശനി**

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 6 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**4. വിശ്വാസോത്സവം - ഏപ്രിൽ 01 മുതൽ 04 വരെ**

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 30 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ ‘ജീവന്റെ അപ്പം’ പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

## a. വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)

മാർച്ച 9 ശനിയാഴ്ച അതിരൂപതാതല പഠനശിബിരം നടത്തുന്നതാണ്. ▸ ഓരോ ഫൊറോനയിൽ നിന്നും 5 പേരടങ്ങുന്ന ഗ്രൂപ്പാണ് പഠന ശിബിരത്തിൽ പങ്കെടുക്കേണ്ടത് (1 വൈദികൻ 4 വിശ്വാസപരിശീലകർ). ▸ ഫൊറോന പ്രസിഡണ്ട് ഗ്രൂപ്പിനെ രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയക്കണം. ▸ ഓരോ ഫൊറോനയിലേക്കുമുള്ള വൈദികരെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിക്കുന്നതാണ്.

## b. വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)

മാർച്ച് 17 ഞായറാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▸ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 5 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗ് നല്കുന്നത്. ▸ ഫൊറോനാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▸ മാർച്ച് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30വരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രം.

## 5. സ്കോളർഷിപ്പ് പരീക്ഷ

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് നേടിയ മൂന്ന് ഉത്തര പേപ്പറുകൾ ഏപ്രിൽ 15 തിങ്കളാഴ്ചക്കുള്ളിൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

## 6. അവധിക്കാല വേദപാഠം ഏപ്രിൽ 15-19

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 15ന് രാവിലെ 9.30 മുതൽ 19-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടുവരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**7. ആസ്പെക്ട് 2023-2024**

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പഠിക്കുവാൻ നല്കിയിരിക്കുന്നത് ‘‘സീറോമലബാർസഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം’’ എന്ന പുസ്തകമാണ്.

➢ 8, 9, 10 അധ്യായങ്ങളുടെ ഓൺലൈൻ പരീക്ഷ ഫെബ്രുവരി 4 ഞായർ നടത്തുന്നതാണ്. ➢ **നാല് ഓൺലൈൻ പരീക്ഷകൾക്കും കൂടി 384-ന് മുകളിൽ മാർക്ക് ലഭിച്ചവർക്കുള്ള എഴുത്തുപരീക്ഷ ഫെബ്രുവരി 24 ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെയുള്ള സമയത്ത് ഇരിട്ടി, ചെമ്പേരി, ആലക്കോട്, തോമാപുരം, പടന്നക്കാട് എന്നീ സെന്ററുകളിൽവച്ച് നടത്തുന്നതാണ്.** ➢ ഫെബ്രുവരി 24-ന് നടത്തുന്ന എഴുത്തുപരീക്ഷയിൽ 90% മാർക്ക് ലഭിക്കുന്നവർക്കായി മാർച്ച് 8 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ തളിപ്പറമ്പിൽവച്ച് അവസാനഘട്ട പരീക്ഷനടത്തുന്നതാണ്.

**8. ASPCT പരീക്ഷ - നന്ദി**

"സീറോമലബാർസഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം" എന്ന പുസ്തകത്തിന്റെ അഞ്ച്, ആറ്, ഏഴ് അദ്ധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ജനുവരി 7, ജനുവരി 15 എന്നീ തീയതികളിൽ പരീക്ഷ നടത്തി. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ..

**9. സഭാവിജ്ഞാനീയ ക്വിസ്**

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് മാർച്ച് 8 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3 മണിവരെ തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്.

**പാഠഭാഗങ്ങൾ**

❖ സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം 11, 12, 13 അധ്യായങ്ങൾ ❖ സീറോമലബാർസഭയുടെ ചരിത്രം ❖ സഭയെസംബന്ധിച്ച പൊതുവിവരങ്ങൾ ❖ സീറോമലബാർസഭയുടെ വി. കുർബാന (ആസ്പെക്ട് ടെക്സ്റ്റ്ബുക്ക് അധ്യായം 4)

**നിർദ്ദേശങ്ങൾ**

❖ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് നൽകുന്നത് ❖ 30 ചോദ്യങ്ങൾക്ക് ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്.

**10. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി**

ജനുവരി 13, 14, 19, 20, 21, 22 തീയതികളിൽ പ്രധാനാധ്യാപകരുടെ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ ഡിപ്ലോമ പരീക്ഷയുടെ ചോദ്യപേപ്പർ വിതരണം ചെയ്തു. പരീക്ഷ നടത്തിപ്പ് സംബന്ധമായ നിർദ്ദേശങ്ങൾ നൽകി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

## 11. മതബോധന മണിക്കൂർ

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. **ഫെബ്രുവരി മാസത്തിലെ ശനിയാഴ്ചകളിൽ സീറോമലബാർ സഭയുടെ വി. കുർബാനയെ സംബന്ധിച്ചും പാഠപുസ്തകത്തെ സംബന്ധിച്ചുമുള്ള കാര്യങ്ങളാണ് പഠിക്കാനും ചർച്ച ചെയ്യുവാനുമായി നൽകുന്നത്.** മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

## 12. EduSpark

കുട്ടികളെ അനുധാവനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി അതിരൂപത ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് EduSpark. യുവജനങ്ങളോടൊപ്പം സഞ്ചരിക്കുക, അഭിരുചി, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള പ്രൊഫൈൽ ഉണ്ടാക്കാൻ സഹായിക്കുക, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ-കോഴ്സുകൾ പരിചയപ്പെടുത്തുക, വിവിധ സ്കോളർഷിപ്പുകൾ, മത്സരപരീക്ഷകൾ, പ്രവേശനപരീക്ഷകൾ എന്നിവയെപ്പറ്റി അറിവ് നൽകുക, വിദ്യാഭ്യാസ-തൊഴിൽ മേഖലകളെക്കുറിച്ചുള്ള അറിവ് നൽകുക തുടങ്ങി വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളാണ് EduSpark-ന് ഉള്ളത്. **ഫെബ്രുവരി മാസത്തിൽ പതിനൊന്നാം ക്ലാസ്സിലെ കുട്ടികളെ EduSpark-വെബ് ആപ്പിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.**

## 13. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ഫെബ്രുവരി 12 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

## 14. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 15. അതിരൂപതാ മതബോധന കമ്മിറ്റി

2023-2024 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ 2024 ജനുവരി 30-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ 4 മണി

വരെ സന്ദേശഭവനിൽ വച്ച് ചേർന്നു. സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസും ബഹു. ഫൊറോന വികാരിയച്ചന്മാരും ഫൊറോനാ പ്രസിഡന്റ്-സെക്രട്ടറിമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും മതബോധന കമ്മിറ്റിയിൽ സംബന്ധിച്ചു.

## 16. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 12 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 17. വിസിറ്റ് - നന്ദി

ജനുവരി മാസത്തിൽ 14 സൺഡേസ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

## 18. സീറോമലബാർ പ്രതിഭാസംഗമം 2023-2024 - അഭിനന്ദനങ്ങൾ

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഡിസംബർ 27, 28, 29 തീയതികളിൽ നടത്തിയ സംസ്ഥാനതല പ്രതിഭാസംഗമത്തിൽ അതിരൂപതയിൽ നിന്നും മാത്യു താഴത്തുവടക്കേൽ - ചെമ്പേരി, ക്ലെയർ ആനാനിളറുമ്പേൽ - മാലോം, തെരേസ അയ്യങ്കാനാൽ - ചെമ്പേരി എന്നിവർ സംസ്ഥാനതല പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന പ്രതിഭകളായവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുമോദനങ്ങൾ.

## 19. സോൾട്ട് 2024 - ഉളിക്കൽ

തലശ്ശേരി അതിരൂപതയിൽ കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനകളിലും ജോസ്മൗണ്ട്, മഞ്ഞളാംപുറം, വെമ്പുവ എന്നീ ഇടവകകളിലും പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ഉളിക്കല്ലിൽ വച്ച് സോൾട്ട് 2024 എന്ന പേരിൽ സംഗമം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. റവ. ഡോ. ടോം ഓലിക്കരോട്ട്, ശ്രീ. ജോബി ജോൺ മൂലയിൽ, ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## 20. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരാ

യിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജ സ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേ ഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നി ശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

### 21. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടു പേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 22. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂ ളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടി കളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 23. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

### 24. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ട താണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയി ച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. വിശ്വാസോത്സവ വർക്കുബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.

**25. ദിവ്യകാരുണ്യവർഷ കർമ്മപദ്ധതികൾ**

1. **യൂക്കരിസ്ത്തിയ 2024**
   ദിവ്യകാരുണ്യാനുഭവ ധ്യാനം - വിശ്വാസപരിശീലകർ+കുട്ടികൾ
2. **എമ്മാവൂസ് മീറ്റ്** - ഏകദിനസെമിനാർ
3. **യൂക്കരിസ്റ്റിക്ക് ഫ്ളെയിം** - ആഘോഷപരമായ ദിവ്യകാരുണ്യസ്വീകരണ ക്ലാസ്സ്
4. **ASPCT** - വി. കുർബാനയും ദൈവാനുഭവവും - ദിവ്യകാരുണ്യ ക്വിസ്
5. **റേമ 2024** - ദിവ്യകാരുണ്യ വചന മത്സരം
6. **നാഥാ കൂടെ വസിച്ചാലും** - ദിവ്യകാരുണ്യ ആരാധന - കുമ്പസാരം, മാസത്തിലെ അവസാന ഞായറാഴ്ചകളിൽ - ഉച്ചകഴിഞ്ഞ്
7. **ദിവ്യകാരുണ്യസന്ധ്യ** - മാതാപിതാക്കൾ, പി.ടി.എ, വിശ്വാസപരിശീലകർ
8. **എന്റെ ദിവ്യകാരുണ്യനാഥന്** - കത്തെഴുതൽ മത്സരം
9. ദിവ്യകാരുണ്യ ആൽബം നിർമ്മാണം
10. ദിവ്യകാരുണ്യ എക്സിബിഷൻ

**26. ആദരാഞ്ജലികൾ**

എടൂർ സൺഡേസ്കൂൾ മുൻ പ്രധാനാധ്യാപകനും ഫൊറോന പ്രസിഡന്റും ആയിരുന്ന ബഹു. ജോസ് മണലേൽ സാറിന്റെ ഭാര്യ അൽഫോൻസ മണലേൽ, എണ്ണപ്പാറ സൺഡേസ്കൂൾ പ്രധാനാധ്യാപകൻ ജോബി കൊച്ചുപറമ്പിൽ സാറിന്റെ പിതാവ് മാത്യു അഗസ്റ്റിൻ കൊച്ചുപറമ്പിൽ, മണ്ടളം സൺഡേസ്കൂൾ പ്രധനാധ്യാപകനായ തോമസ് താഴത്തേൽ സാറിന്റെ സഹോദരൻ ജോയ് താഴത്തേൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പരേതരുടെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**27. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ പൂളക്കുറ്റി, ചൂരപ്പടവ്, ആയന്നൂർ എന്നീ സൺഡേസ്കൂളുകളിൽ സന്ദർശനം നടത്തി വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ വിലയിരുത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**നന്ദിയുടെ നറുമലരുകൾ**

മൂന്നരവർഷക്കാലം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നീ നിലകളിൽ വളരെ സ്തുത്യർഹമായ സേവനമർപ്പിച്ച പ്രിയപ്പെട്ട ഡോ. ടോം ഓലിക്കരോട്ട് അച്ചനെ നന്ദിയോടെ ഓർക്കുന്നു. ഈ കാലഘട്ടത്തിലെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വളർച്ചയിൽ അച്ചൻ വഹിച്ച പങ്ക് അവർണ്ണനീയമാണ്. ദൈവമഹത്വം ലക്ഷ്യമാക്കി ആത്മാർത്ഥതയും കഠിനാദ്ധ്വാനവും കൃത്യനിഷ്ഠയും നിറഞ്ഞ ജീവിതശൈലി അച്ചന്റെ പൗരോഹിത്യജീവിതത്തെ ധന്യമാക്കുന്നു. എല്ലാവരെയും സ്നേഹിക്കുകയും കരുതലോടെ കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന അച്ചന്റെ മാതൃകാപരമായ ജീവിതശൈലി സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. അച്ചൻ നൽകിയ എല്ലാ സേവനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് മാനേജിംഗ് ഡയറക്ടർ, അജപാലകൻ ചീഫ് എഡിറ്റർ എന്നീ നിലകളിൽ അച്ചൻ തുടർന്നും ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. ഗ്രേറ്റ് ബ്രിട്ടൺ രൂപതയിൽ പുതിയ ശുശ്രൂഷകൾക്കായി യാത്രയാകുന്ന ടോം അച്ചന് എല്ലാ ദൈവാനുഗ്രഹങ്ങളും വിജയാശംസകളും നേരുന്നു.

**ഹൃദ്യമായ സ്വാഗതം**

റോമിലെ ഉപരിപഠനത്തിനുശേഷം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി ചാർജ്ജെടുത്ത ഡോ. തോമസ് മാപ്പിളപറമ്പിൽ അച്ചന് ഹൃദ്യമായ സ്വാഗതം.

**ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ**

ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന റവ. ഡോ. ഫിലിപ്പ് കവിയിലച്ചന് സ്നേഹനിർഭരമായ സ്വാഗതം.

**ലോഗോസ് സർട്ടിഫിക്കറ്റുകൾ, സമ്മാനങ്ങൾ, പാഠപുസ്തകങ്ങൾ**

2023 ലെ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഈ സെമസ്റ്ററിലെ ദൈവശാസ്ത്രപഠനപുസ്തകങ്ങളും ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. പ്രധാനാധ്യാപകർ ഓരോ ഇടവകയിലേക്കുമുള്ള പുസ്തകങ്ങൾ യഥാസമയം പഠിതാക്കൾക്ക് ലഭ്യമാക്കുമല്ലോ.

**ലോഗോസ് ബൈബിൾ ക്വിസ് - 2024**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 24-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

| പഠനഭാഗങ്ങൾ | |
|---|---|
| **ന്യായാധിപന്മാർ 1-10** | **പ്രഭാഷകൻ 34-40** |
| **വി. ലൂക്കാ 9-16** | **2 കൊറി 7-13** |

**പരീക്ഷാതീയതികൾ**

രൂപതാതലം : 2024 സെപ്റ്റം. 29, 2.00 pm -3.30 pm

സംസ്ഥാനതലം : 2024 നവംബർ 10

മെഗാ ഫൈനൽ : 2024 നവംബർ 23-24

രജിസ്ട്രേഷൻ : **2024 ജൂൺ 1 മുതൽ ജൂലൈ 31 വരെ**

**സെമസ്റ്റർ ക്ലാസ്സുകൾ**

ദൈവശാസ്ത്രകോഴ്സുകളുടെ ഈ സെമസ്റ്ററിലെ ക്ലാസ്സുകൾ ആരംഭിക്കുന്നു.

## BTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| ഇന്ത്യൻ സഭാചരിത്രം | 10.02.2024 |
| പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ | 24.02.2024 |

## BTh മലയാളം വിഭാഗം

| വിഷയം | തീയതി |
|---|---|
| ദൈവശാസ്ത്രപ്രവേശിക (Only for New Batch) | 02.02.2024 |
| ഇന്ത്യൻ സഭാചരിത്രം | 03.02.2024 |
| പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ | 17.02.2024 |

## MTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| സിറിയക് ഭാഷാപഠനം | 01.02.2024 |
| തത്വചിന്തയും ദൈവശാസ്ത്രവും | 15.02.2024 |

## MTh മലയാളം വിഭാഗം

| വിഷയം | തീയതി |
|---|---|
| സിറിയക് ഭാഷാപഠനം | 01.02.2024 |
| തത്വചിന്തയും ദൈവശാസ്ത്രവും | 08.02.2024 |
| പുതിയനിയമ ദൈവശാസ്ത്രം | 29.02.2024 |

## സെമസ്റ്റർ പരീക്ഷകൾ – ല്യൂമെൻ എക്ലേസിയ പരീക്ഷകൾ റിസൾട്ട് പ്രസിദ്ധീകരിച്ചു

ഈ സെമസ്റ്ററിലെ പരീക്ഷകളുടെ റിസൾട്ട് ആൽഫാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിസൾട്ട് കാണുന്നതിനായി www. alpha thalassery.org എന്ന വെബ്സൈറ്റിൽ സ്റ്റുഡന്റ് ലോഗിൻ എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. ഓരോരുത്തരും അവരവരുടെ രജിസ്റ്റർ നമ്പറും പാസ് വേഡും (alpha) നൽകിയാൽ റിസൾട്ട് ലഭ്യമാകുന്നതാണ്.

ഉദാ : **Username : BT-00000-23**
**Password : alpha**

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ് പ്രിയ മിഷനറിമാരെ,

ഈശോയുടെ കൂടെ ആയിരിക്കേണ്ട, ഈശോയുടെ അരികിലിരിക്കേണ്ട നോമ്പുകാലത്തിലേക്ക് പ്രവേശിക്കുവാൻ നാം ആത്മീയമായി ഒരുങ്ങുകയാണല്ലോ. നമ്മുടെ കണ്ണും കാതും തുറന്ന് സർവ്വോപരി ഹൃദയം തുറന്ന് നമ്മുടെ തന്നെ ജീവിതത്തിലേക്ക് എത്തിനോക്കാനുള്ള ഒരവസരമായി നമുക്ക് ഈ നോമ്പുകാലത്തെകാണാം. ബൈബിൾ വായന, പ്രാർത്ഥന, ആത്മീയഗ്രന്ഥ പാരായണം, കാരുണ്യ പ്രവൃത്തികളിലുള്ള പങ്കാളിത്തം, തിന്മകൾ ഉപേക്ഷിക്കാനുള്ള തീരുമാനം എന്നിങ്ങനെ വിവിധങ്ങളായ പുണ്യങ്ങളിൽ വളരാം. ദൈവപിതാവിന്റെ സ്നേഹം നമ്മിൽ നിറയുവാനും, ക്രിസ്തുനാഥന്റെ മുഖം നമ്മിൽ പ്രകാശിക്കുവാനും, പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ പ്രകടമാകുവാനും ഈ നോമ്പുകാലത്തിൽ കൊച്ചു കൊച്ചു ത്യാഗങ്ങളിലൂടെ നമുക്ക് പരിശ്രമിക്കാം.

അനുസ്മരിക്കുന്ന തിരുനാൾ : വാ. റാണി മരിയ
അനുസ്മരിക്കുന്ന വിശുദ്ധ : വി. ബ്രിജീറ്റ്
പ്രാർത്ഥനാനിയോഗം : തിരുബാലസഖ്യം കുട്ടികൾക്കായി
സുകൃതജപം : പരിശുദ്ധനായ ഈശോയെ വിശുദ്ധിയാൽ എന്നെ നിറയ്ക്കണമെ.
വചനാമൃതം : 2 കൊറിന്തോസ് 3-ാം അദ്ധ്യായം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

11 ഞായർ : ലൂർദ്ദ് മാതാവിന്റെ തിരുനാൾ
തിരുബാലസഖ്യദിനം
12 തിങ്കൾ : വലിയനോമ്പ് ആരംഭം (വിഭൂതി തിരുനാൾ)
25 ഞായർ : വാ. റാണിമരിയയുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ:** എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, പരീക്ഷ ഒരുക്കധ്യാനം, എം.റ്റി.സി. മേഖലാതല സെമിനാറുകൾ, തിരുബാലസഖ്യദിനം, വലിയ നോമ്പ് ആരംഭം.

### 3. മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2023 - 2024 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമായി ഈ മാസം മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് കൂടുന്നതാണ്. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതാണ്.

### 4. എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

**5. എം.റ്റി.സി. ക്യാമ്പ്:** മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ സാഹചര്യം അനുസരിച്ച് സാധിക്കുന്നിടത്തോളം ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് മാർച്ച് 10-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ ഏല്പിക്കുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

### 6. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന

ഈ വർഷം 10-ാം ക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

### 7. ബഹു. വൈസ് ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- 2023 - 2024 വർഷത്തെയും; അതിന് മുമ്പുള്ള വർഷത്തെയും അംഗത്വ ഫീസ്, വാർഷിക വിഹിതം, മറ്റ് കുടിശ്ശികകൾ തരാനുള്ളവർ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

- സാധിക്കുന്നവിധത്തിൽ പഞ്ചാബ് മിഷന് ഉണ്ണീശോകട്ടിൽ വാങ്ങാൻ സഹായിക്കുമല്ലോ.

**8. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2024 – 25 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ – സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

**9. ശാഖാ സന്ദർശനങ്ങൾ:** അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**10. മേഖലാ സന്ദർശനങ്ങൾ**

14.01.2024 ന് ചെമ്പേരി മേഖല അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു. ഇനി സന്ദർശിക്കാത്ത എല്ലാ മേഖലകളും ഈ മാസം തന്നെ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**11. വൈസ് ഡയറക്ടേഴ്സ് റീജണൽ സംഗമം**

ഫെബ്രുവരി 10 ശനിയാഴ്ച രാവിലെ കാഞ്ഞങ്ങാട്, ഉച്ചകഴിഞ്ഞ് ആലക്കോട് റീജനുകളിലും ഫെബ്രുവരി 17 ശനിയാഴ്ച രാവിലെ ഇരിട്ടി, ഉച്ചകഴിഞ്ഞ് ചെമ്പേരി റീജനുകളിലായും വൈസ് ഡയറക്ടേഴ്സ് സംഗമം നടത്തുന്നു. എല്ലാ വൈസ് ഡയറക്ടേഴ്സും നിർബന്ധമായും പങ്കെടുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

**12. റീജനൽ സെമിനാർ**

പെനുവേൽ: മിഷൻലീഗ് കുട്ടികളിൽ ആത്മീയ ഉണർവും അടിയുറച്ച വിശ്വാസവും പ്രേഷിതതീക്ഷ്ണതയും വളർത്തുക എന്ന ലക്ഷ്യത്തോടെ 5–ാം ക്ലാസുമുതൽ 9–ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കായി പെനുവേൽ എന്ന പേരിൽ റീജനൽ തലത്തിൽ സെമിനാർ നടത്തപ്പെടുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ.

**നിർദ്ദേശങ്ങൾ**

1. 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളാണ് പങ്കെടുക്കേണ്ടത്.
2. ഫെബ്രുവരി 10–ാം തീയതി ശനിയാഴ്ച രാവിലെ 9.30ന് കാഞ്ഞങ്ങാട് റീജനിലും 2.30ന് ആലക്കോട് റീജനിലും ഫെബ്രുവരി 17–ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് ഇരിട്ടി റീജനിലും ഉച്ചകഴിഞ്ഞ് 2.30 ന് ചെമ്പേരി റീജനിലും ആയിരിക്കും നടത്തപ്പെടുക.

4. ഒരു ശാഖയിൽനിന്നും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടേ 5 പേരാണ് പങ്കെടുക്കേണ്ടത്.
6. സെമിനാർ നടത്തപ്പെടുന്ന സ്ഥലവും കൂടുതൽ വിവരങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

### 13. പരീക്ഷ ഒരുക്കധ്യാനം

പരീക്ഷയ്ക്കു ഒരുങ്ങുന്ന അതിരൂപതയിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ധ്യാനം ക്രമീകരിക്കപ്പെടുന്നു. തീയതി, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതായിരിക്കും.

### 14. മേഖലാ കൗൺസിൽ വാർഷികം

02.01.2024 ന് ആലക്കോട് മേഖലയിലും, 13.01.2024 ന് കുന്നോത്ത്, എടൂർ മേഖലകളിലും കൗൺസിൽ - വാർഷികം നടന്നു. ഇനിയും മേഖലാ കൗൺസിൽ - വാർഷികം നടത്താത്ത എല്ലാ മേഖലകളും ഉടനെ തന്നെ കൗൺസിൽ - വാർഷികം നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

### 15. പ്രേഷിതവാരം

പ്രേഷിതവാരത്തോടനുബന്ധിച്ച് ജനുവരി 6-ാം തീയതി മുതൽ 12-ാം തീയതി വരെ വിവിധ പരിപാടികളോടെ പ്രേഷിതവാര പ്രവർത്തനങ്ങൾ നടത്താൻ ശാഖകളിലും മേഖലകളിലും നേതൃത്വം നൽകിയ എല്ലാ ബഹു. അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, ശാഖാ മേഖലാ ഭാരവാഹികൾക്കും മതാധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും നന്ദി.

### 16. മിഷൻ പച്ചക്കറിത്തോട്ടസന്ദർശനം

മിഷൻ പച്ചക്കറിത്തോട്ടമത്സരത്തിന്റെ 1-ാം ഘട്ടം സന്ദർശനത്തിന് ശേഷം അതിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട തയ്യേനി, അട്ടക്കണ്ടം, കനകപ്പള്ളി, പുന്നക്കുന്ന്, താബോർ, കോഴിച്ചാൽ, പൈസക്കരി, ചേപ്പറമ്പ്, നെടുവാലൂർ, മണിപ്പാറ, മുടയിരഞ്ഞി, കുട്ടാപ്പറമ്പ്, പരപ്പ, മേരിഗിരി, വിമലശ്ശേരി എന്നീ ശാഖകളിൽ 2-ാം ഘട്ടം പച്ചക്കറിത്തോട്ട സന്ദർശനം അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തി.

### 17. നവവൈദികരെ ആദരിച്ചു

ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ ഈ വർഷം വൈദിക പട്ടം സ്വീകരിച്ച നവവൈദികരെ ആദരിച്ച് സമ്മാനങ്ങൾ നൽകി.

### 18. ക്രിസ്കാർഡ് മത്സരവിജയികൾ

| | | |
|---|---|---|
| Ist | ആരോൺ ഷിന്റോ കുറ്റ്യാനിമറ്റം | - വെള്ളാട് |
| IInd | അനിറ്റ് മരിയ കുന്നുംപുറത്ത് | - കുന്നോത്ത് |
| IIIrd | ആഷൽ ബിജു കളപ്പുരയിൽ | - വിജയഗിരി |

**19. ആൽബം നിർമ്മാണ വിജയികൾ**

$I^{st}$ കരുവഞ്ചാൽ ശാഖ $II^{nd}$ അട്ടക്കണ്ടം ശാഖ

$III^{rd}$ പൂപ്പറമ്പ ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ**

ജയഗിരി, പെരിങ്ങാല, കരിക്കാട്ടക്കരി, കരയത്തുംചാൽ, മണിക്കടവ്, തയ്യേനി, ഉമ്മറപൊയിൽ.

**20. ക്ലിക്ക് ഷോട്ട് (ഷോർട്ട് ഫിലീം) വിജയികൾ**

$I^{st}$ വെള്ളരിക്കുണ്ട് ശാഖ $II^{nd}$ കരിക്കോട്ടക്കരി ശാഖ

$III^{rd}$ രത്നഗിരി ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ**

അട്ടക്കണ്ടം, പൂപ്പറമ്പ, കരുവഞ്ചാൽ, മണിപ്പാറ, കുട്ടാപ്പറമ്പ

**21. പ്രബന്ധരചന മത്സരവിജയികൾ**

$I^{st}$ ജിസ്റ്റോ ജോസ് പ്രയാറ്റിൽ - കനകപ്പള്ളി

$II^{nd}$ എലിസബത്ത് പുളിമൂട്ടിൽ - കരുവഞ്ചാൽ

$III^{rd}$ ലിയ മരിയ തുളിശ്ശേരിൽ - നെല്ലിക്കുറ്റി

**22. പൂമ്പാറ്റ (ആംഗ്യപ്പാട്ട്) വിജയികൾ**

$I^{st}$ പേരാവൂർ ശാഖ $II^{nd}$ പൂപ്പറമ്പ ശാഖ

$III^{rd}$ ചട്ടമല ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ**

കരുവഞ്ചാൽ, ഉമ്മറപൊയിൽ, മണിപ്പാറ, മുണ്ടാന്നൂർ, കീഴ്പ്പള്ളി

**23. സെമിനാറുകൾ, ക്ലാസ്സുകൾ**

- 31.12.2023 ന് വെള്ളരിക്കുണ്ട് മേഖലയിലെ വൈസ് ഡയറക്ടേഴ്സിന് ബിജു കൊച്ചുപൂവ്വക്കോട്ട് സെമിനാർ നടത്തി.
- 13.01 .2024 ന് മേരിഗിരി മേഖലയിൽ എം റ്റി സി കുട്ടികൾക്ക് ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.

**24. ആദരാഞ്ജലികൾ**

മുൻ അതിരൂപത ഭാരവാഹി ബെന്നി മാടപ്പാട്ട് സാറിന്റെ, നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അമ്മ, മറിയാമ്മ വർക്കി മാടപ്പാട്ടിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. വിശ്വാസ ജീവിതത്തിലേയ്ക്ക് പിച്ചവെക്കുന്ന പ്രായത്തിൽ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളർന്ന് സദ്ഗുണസമ്പന്നരായി ജീവിക്കുവാൻ കുഞ്ഞുങ്ങളെ നമുക്ക് പ്രാപ്തരാക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയ കൂട്ടുകാർക്കും തിരുബാലസഖ്യ ദിനത്തിന്റെ ആശംസകൾ...

അനുസ്മരിക്കുന്ന തിരുനാൾ : വാ. റാണി മരിയ
അനുസ്മരിക്കുന്ന വിശുദ്ധ : ലൂർദ്ദ് മാതാവ്
പ്രാർത്ഥനാനിയോഗം : അനാഥ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.
സുകൃതജപം : ഈശോയെ അങ്ങയെപ്പോലെ മാതാപിതാക്കളെ അനുസരിച്ച് വളരാൻ എന്നെ സഹായിക്കണെ.
വചനം : ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃത നായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ (വി. ലൂക്ക 2:49)
പ്രവൃത്തി : ബാഡ്ജ് ധരിച്ച് ഭവന സന്ദർശനം നടത്തുക.
എയ്ഞ്ചൽസ് ബീറ്റ്സ് : വാഴ്ത്തപ്പെട്ട റാണി മരിയയുടെ ജീവചരിത്രം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക.

## 1. ശ്രദ്ധിക്കാൻ

11 ഞായർ : ലൂർദ്ദ് മാതാവിന്റെ തിരുനാൾ
തിരുബാലസഖ്യദിനം
12 തിങ്കൾ : വലിയനോമ്പ് ആരംഭം (വിഭൂതി തിരുനാൾ)
25 ഞായർ : വാ. റാണി മരിയയുടെ തിരുനാൾ

## 2. തിരുബാലസഖ്യദിനം

ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനം

ശാഖകളിൽ ആഘോഷിക്കുമല്ലോ. തിരുബാലസഖ്യം സംഘടനയെക്കുറിച്ച് കുട്ടികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഉപകരിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാമുകൾ നടത്തുമല്ലോ. അതിരൂപതാതല തിരുബാലസഖ്യദിനം കുന്നോത്ത് ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

### 3. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

### 4. എയ്ഞ്ചൽസ് ഫെസ്റ്റ് 2023-24 (കലോത്സവം)

ഈ വർഷത്തെ തിരുബാലസഖ്യ കലോത്സവത്തിൽ പ്രസംഗം, സംഗീതം, ഗ്രൂപ്പ് ഡാൻസ് എന്നീ ഇനങ്ങളിൽ മാത്രമാണ് മത്സരം നടത്തിയിരുന്നത്. പങ്കെടുത്ത എല്ലാ മേഖലകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.അതോടൊപ്പം മേഖലകളിൽ മത്സരം നടത്താൻ വേണ്ട ക്രമീകമണങ്ങൾ നടത്തിയ എല്ലാ മേഖല ഡയറക്ടർമാർക്കും വൈസ് ഡയറക്ടേഴ്സിനും മതാദ്ധ്യാപകർക്കും കുട്ടികളെ വിവിധ മത്സരങ്ങൾക്കായി ഒരുക്കിയ മാതാപിതാക്കൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. മത്സര റിസൾട്ട് ഉടനെ നിങ്ങളെ അറിയിക്കുന്നതായിരിക്കും എന്ന് സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

### 5. നിറംകൊടുക്കാമോ ജനുവരി മാസത്തെ വിജയികൾ

| | | |
|---|---|---|
| I | ആൻവിയ തോമ്പുന്നേൽ | - പടിയൂർ |
| II | എയ്ഞ്ചൽ കുന്നപ്പള്ളികൊട്ടാരത്തിൽ | - കനകക്കുന്ന് |
| III | അന്ന കല്ലംപ്ലാക്കൽ | - പറമ്പ |

### 6. വഴിക്കാട്ടാമോ ജനുവരി മാസത്തെ വിജയികൾ

| | | |
|---|---|---|
| I | മരിയ ചീങ്കല്ലേൽ | - കുട്ടാപ്പറമ്പ |
| II | നിയ തടിക്കൽ | - പടിയൂർ |
| III | അലോഷ്യസ് പറക്കുന്നത്തുകുടി | - കനകക്കുന്ന് |

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്കു വിശ്രമം അരുളുന്നു; പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു." *(സങ്കീ 23:2)*

പ്രിയപ്പെട്ട ഡയറക്ടച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഈ വർഷത്തെ യുവജനദിനാഘോഷം ഫെബ്രുവരി 17ന് ആണ്. അർദ്ധവാർഷിക സെനറ്റ്, പള്ളിമുറ്റം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## തലശ്ശേരി യൂത്ത് കോൺഫറൻസ്

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ അതിരൂപതയിലെ തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്കായി 2024 ജനുവരി 26, 27, 28 തീയതികളിൽ തലശ്ശേരി യൂത്ത് കോൺഫറൻസ് നടത്തപ്പെടുന്നു. തോമാപുരം ഫൊറോനയുടെ ആതിഥേയത്വത്തിൽ പാലാവയലിൽ വച്ച് യൂത്ത് കോൺഫറൻസ് നടക്കും. ഒരു ഫൊറോനയിൽ നിന്ന് 3 യുവാക്കളും 2 യുവതികളുമാണ് പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് ഒരു ഫൊറോനക്ക് 2000 രൂപ ആയിരിക്കും.

## നോമ്പിനൊരുക്കം

ഫെബ്രുവരി 11ന് വലിയ നോമ്പ് ആരംഭിക്കുകയാണല്ലൊ. ദിവ്യകാരുണ്യവർഷത്തിൽ നോമ്പാചരണവും പുണ്യപ്രവർത്തികളും ചെയ്യാൻ ശ്രദ്ധിക്കണം.

## ദിവ്യകാരുണ്യ നൈറ്റ് വിജിൽ

ദിവ്യകാരുണ്യ നൈറ്റ് വിജിൽ, ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് നൈറ്റ് വിജിൽ എല്ലാ ഫൊറോനകളിലും മാസത്തിലൊരിക്കൽ നടത്തേണ്ടതാണ്.

## അർദ്ധവാർഷിക സെനറ്റ്

2023-24 സമിതിയുടെ അർദ്ധവാർഷിക സെനറ്റ് ഫെബ്രുവരി 25ന് വായാട്ടുപറമ്പ് ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. ഫൊറോനകളിൽ അർദ്ധവാർഷിക സെനറ്റ് നടത്തുമല്ലോ.

**പള്ളിമുറ്റം**

പള്ളിമുറ്റം എല്ലാ യൂണിറ്റുകളിലും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. ഞായറാഴ്ച വൈകുന്നേരത്തെ വി. കുർബാനക്കുശേഷം പള്ളിമുറ്റത്ത് ഒരുമിച്ചുക്കൂടി പൂന്തോട്ടം വൃത്തിയാക്കുവാനും, മുറ്റത്ത് ഒരുമിച്ചുകൂടി വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാനും സൗഹൃദം പങ്കിടുവാനും ചെറു കാപ്പിയോ, സ്നേഹ വിരുന്നോ സജ്ജമാക്കുവാനും ശ്രദ്ധിക്കുമല്ലോ. ഫെബ്രുവരി 18 നുള്ളിൽ എല്ലാ ഫൊറോനകളിലും ഇതിന്റെ ഉദ്ഘാടനം നടത്തേണ്ടതാണ്.

**യുവജനദിനം**

ചെമ്പേരി, പൈസക്കരി, ചെമ്പന്തൊട്ടി ഫൊറോനകളുടെ ആതിഥേയത്വത്തിലും മറ്റെല്ലാ ഫൊറോനകളുടെയും സഹകരണത്തോടെയും 2024 ഫെബ്രുവരി 17 ന് ചെമ്പേരിയിൽ വച്ചാണ് ഈ വർഷത്തെ യുവജനദിനം നടത്തുന്നത്.

**സ്നേഹ വീട്**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുന്നോത്ത് ഫൊറോനയിലെ കെസിവൈഎം പ്രവർത്തകനായിരുന്ന പാലത്തുംകടവ് ഇടവകയിലെ അഡോൺ ചെന്നോലിന്റെ കുടുംബത്തിനാണ് സ്നേഹവീട് പണിയുന്നത്. നിങ്ങളുടെ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ബോൺനത്താലെ – 223**

മലബാറിലെ ഏറ്റവും വലിയ ക്രിസ്തുമസ്സ് സന്ദേശ യാത്ര ബോൺനത്താലെ വിജയകരമാക്കി തീർക്കാൻ സഹായിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. മൂവായിരത്തോളം പാപ്പാമാർ അണിനിരന്ന റാലിയിൽ ആറ് ഫ്ളോട്ടുകൾ, മൂന്ന് ബാന്റ്മേളങ്ങൾ, ആയിരത്തിലധികം വർണ്ണ ബലൂണുകൾ, കുന്നോത്ത് ഫൊറോന ഒരുക്കിയ റോഡ് ഫ്ളാഷ് മോബ്, കരോൾ ഗാനങ്ങൾ എന്നിവ ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫാ. ജിൻസ് വാളിപ്ലാക്കൽ, അഡ്വ. സണ്ണി ജോസഫ് എംഎൽഎ, അഡ്വ. സജീവ് ജോസഫ് എംഎൽഎ, കെസിവൈഎം അതിരൂപതാ പ്രസിഡന്റ് അഖിൽ സി.ജെ, ശ്രീമതി ശ്രീലത തുടങ്ങിയർ ക്രിസ്തുമസ്സ് സന്ദേശം നൽകി. നൃത്താവിഷ്കാരങ്ങൾ, കരോൾ ഗാനങ്ങൾ, ബെസ്റ്റ് ഫ്ളോട്ടിനുള്ള സമ്മാനം, കേക്ക് മുറിക്കൽ തുടങ്ങിയവയും ബോൺനത്താലെയെ മനോഹരമാക്കി. എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകിയ അതിരൂപതാ സമിതിയോട് ചേർന്ന് പ്രവർത്തിച്ച മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ ഫൊറോനകളിലെ പ്രസിഡന്റുമാരായ എഡ്വിൻ ജോർജ്, അഖില ചാലക്കൽ,

അഭിഷേക് കുറുമുട്ടം, ബിപിൻ പീടിയേക്കൽ, ജിബിൻ ജെയ്സൺ എന്നിവർക്കും നന്ദി.

എല്ലാകാര്യങ്ങളിലും വ്യക്തമായ നിർദേശങ്ങൾ നൽകിയ ഡയറക്ടർമാരായ ഫാ. ജോസഫ് കുരിശുംമൂട്ടിൽ, ഫാ. ജോസഫ് (എഡ്വിൻ) കോയിപ്പുറം, ഫാ. തോമസ് പന്തലാനിയിൽ, ഫാ. ജോസഫ് മടപ്പാംതോട്ടുകുന്നേൽ, ഫാ. സെബാൻ ഇടയാടിയിൽ എന്നീ അച്ചൻമാർക്കും ഫൊറോന സമിതിക്കും, അവർക്ക് എല്ലാ സഹകരണവും നൽകി കൂടെ നിന്ന യൂണിറ്റ് സമിതി അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ബോൺനത്താലെ വിജയമാക്കിതീർക്കാൻ അക്ഷീണം പരിശ്രമിച്ച എല്ലാവരെയും സാമ്പത്തികമായി സഹായിച്ചവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

### സംസ്ഥാന കലോത്സവം

കാഞ്ഞിരപ്പള്ളി കുട്ടിക്കാനത്ത് വച്ച് നടന്ന കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ 32 രൂപതകളിൽ 5-ാം സ്ഥാനം തലശ്ശേരി അതിരൂപത കരസ്ഥമാക്കി. കലോത്സവത്തിൽ മിമിക്രി I$^{st}$ A grade - റോസ്മേരി കോവൂർപുത്തൻപുരയിൽ (കോടോപ്പള്ളി), നാടോടി നൃത്തം I$^{st}$ A grade അലീന സുനിൽ (അങ്ങാടിക്കടവ്), മോണോ ആക്ട് II$^{nd}$ B grade അലീന സുനിൽ (അങ്ങാടിക്കടവ്), ഫോട്ടോഗ്രഫി I$^{st}$ A grade - സെബാസ്റ്റ്യൻ എടാട്ട്, ഉപന്യാസം III$^{rd}$ B grade അന്നമ്മ തേക്കുംകാട്ടിൽ (ബളാൽ) മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും വിവിധ ഗ്രെയ്ഡുകൾ ലഭിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

### ജയിലിൽ ക്രിസ്മസ്സ് ആഘോഷം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് ജീസസ് ഫ്രട്ടേണിറ്റിയുടെയും കെസിവൈഎം തലശ്ശേരി അതിരൂപതയുടെയും നേതൃത്വത്തിൽ ഡിസംബർ 26-ാം തീയതി തലശ്ശേരി സ്പെഷ്യൽ സബ് ജയിൽ സന്ദർശിച്ചു ജയിൽ അധികൃതർക്ക് കെസിവൈഎം അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ മോട്ടിവേഷൻ ക്ലാസ്സ് നൽകി. കെസിവൈഎം അതിരൂപത സമിതി അംഗങ്ങൾ ക്രിസ്തുമസ്സ് പ്രോഗ്രാം അവതരിപ്പിച്ചു. ജയിൽ നിവാസികളോടൊപ്പം കേക്ക് മുറിച്ച് സന്തോഷം പങ്കിട്ടു. ഡയറക്ടർ ഫാ. ജിൻസ്, അഖിൽ ഡൊമിനിക്ക്, റോണിറ്റ് തോമസ്, അൽന ആന്റണി തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**കാരുണ്യദൂത് :** മണിക്കടവ് ഫൊറോനയുടെയും, മണിപ്പാറ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ വിളമന പ്രൊവിഡൻസ് ഹോമിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തി.

## തെരുവിൽ ഭക്ഷണമൊരുക്കി ക്രിസ്തുമസ്സ്

കെസിവൈഎം തളിപ്പറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ കണ്ണൂർ നഗരത്തിന്റെ തെരുവുകളിൽ നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം നൽകി. കെസിവൈഎം തളിപ്പറമ്പ് ഫൊറോനക്ക് അഭിനന്ദനങ്ങൾ!!!

## ലോഗോ കോമ്പറ്റീഷൻ

തലശ്ശേരി യൂത്ത് കോൺഫറൻസിന്റെ ലോഗോ ഡിസൈൻ കോമ്പറ്റീഷൻ നടത്തി. ഒന്നാം സമ്മാനം കാലാങ്കി യൂണിറ്റിലെ ജോസഫ് വടക്കേമുറിക്ക് ലഭിച്ചു. അഭിനന്ദനങ്ങൾ!!!

## വൃദ്ധമാതാപിതാക്കൾക്കൊപ്പം ക്രിസ്തുമസ്സ്

തളിപ്പറമ്പ് ഫൊറോനയുടെ ക്രിസ്തുമസ്സ് ആഘോഷം ബാലേശുഗിരി യൂണിറ്റിലെ മുതിർന്ന പൗരൻമാരോടൊപ്പം നടത്തി. ഫൊറോന ഡയറക്ടർ ഫാ. ലിജോ മറ്റപ്പള്ളി ഉദ്ഘാടനം ചെയ്തു. ഫൊറോന സമിതി, യുവജന നേതാക്കൾ എന്നിവർ നേതൃത്വം കൊടുത്തു.

## നവ വൈദികർക്ക് ആശംസകൾ

തലശ്ശേരി അതിരൂപതയിൽനിന്നും ഈ വർഷം വൈദിക പട്ടം സ്വീകരിച്ച നവവൈദികർക്ക് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ആദരാഞ്ജലികൾ

**റവ. ഫാ. സിറിൾ ഇമ്മാനുവേൽ:** നാലു വർഷത്തോളം തലശ്ശേരി അതിരൂപതയിലെ തളിപ്പറമ്പ് ഫൊറോനയുടെ കെസിവൈഎം ഡയറക്ടറായി സേവനം ചെയ്തതിനുശേഷം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞു പോയ സിറിൽ ഇമ്മാനുവേൽ അച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ.

**ജോസഫ് ഷാജു :** ക്രിസ്തുമസ്സ് ആഘോഷ പരിപാടികൾക്കിടെ അപ്രതീക്ഷിതമായി നമ്മെവിട്ടുപിരിഞ്ഞ പൈസക്കരിയിലെ സജീവ പ്രവർത്തകനായിരുന്ന ജോസഫ് ഷാജു ചേന്നാട്ടിനു (19) ആദരാഞ്ജലികൾ. പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്ക് അതിരൂപത യുവജനകുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനകളും നേരുന്നു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

പരിശുദ്ധ കുർബാനയോട് ക്രിസ്തീയ വിവാഹവും അതിലൂടെ രൂപപ്പെടുന്ന കുടുംബവും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ലിറ്റർജി എന്ന പ്രമാണ രേഖയിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ 'വിവാഹം വി. കുർബാനയ്ക്കിടയിൽ പരികർമ്മം ചെയ്യപ്പെടണം' (SC 78) എന്ന് പഠിപ്പിക്കുമ്പോൾ വി. കുർബാനയിലൂടെ വിശുദ്ധീകരിക്കപ്പെടേണ്ട ദാമ്പത്യ - കുടുംബ ബന്ധങ്ങളെയാണ് വിവക്ഷിക്കുന്നത്. ഈ ദിവ്യകാരുണ്യവർഷത്തിൽ വി. കുർബാനയെ കൂടുതൽ അടുത്ത് അറിയാനും അനുഭവിക്കാനും പരിധിയില്ലാത്ത ആ സ്നേഹത്തിന്റെ സാക്ഷികളാകാനും ദമ്പതികളെയും കുടുംബങ്ങളെയും നമുക്കൊരുക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജനുവരി 02-04, 23-25 തീയതികളിലായി തലശ്ശേരിയിൽ വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 170 പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| February | 15-17 | (Thursday, Saturday) | Padannakkad |
| March | 14-16 | (Thursday, Saturday) | Thalassery |
| April | 02-04 | (Tuesday, Thursday) | Thalassery |
| April | 18-20 | (Thursday, Saturday) | Padannakkad |
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II . മാതൃവേദി

### (a) വചനം എഴുത്ത് മത്സരം

ഡിസംബർ 16-ാം തീയതി ആലക്കോട്, ചെമ്പേരി, ചെറുപുഴ, ഇരിട്ടി, പടന്നക്കാട് എന്നീ 5 സെന്ററുകളിലായി നടത്തിയ വചന എഴുത്ത് മത്സരത്തിൽ അമ്മമാരുടെ പങ്കാളിത്തം അഭൂതപൂർവ്വവും അഭിനന്ദനാർഹവും ആയിരുന്നു. 700 ഓളം അമമ്മാർ വചനം നന്നായി പഠിച്ചൊരുങ്ങി ഈ മത്സരത്തിൽ ഏറ്റവും ആത്മാർത്ഥവും സജീവവുമായി പങ്കുചേർന്നു. ജൂനിയർ - സീനിയർ വിഭാഗങ്ങളായി തിരിച്ചാണ് നമ്മൾ മത്സരം നടത്തിയത്. അതിൽ സീനീയർ വിഭാഗത്തിൽ അമ്മമാരുടെ പ്രകടനം വളരെ എടുത്തുപറയേണ്ടതായിരുന്നു. അതിനാൽ തന്നെ ആ വിഭാഗത്തിൽ ഇരുന്നൂറിലധികം വചനങ്ങൾ കൃത്യമായി എഴുതിയ എല്ലാവർക്കും പ്രോത്സാഹന സമ്മാനം നല്കുന്നു. ഓരോ മേഖലയിലും ഏറ്റവും കൂടുതൽ വചനങ്ങൾ എഴുതിയവരുടെ പേരുവിവരങ്ങൾ അതാത് മേഖലാഭാരവാഹികളെ അറിയിച്ചിട്ടുണ്ട്. മേഖലകൾക്ക് ഉചിതമായ രീതിയിൽ ആദരിക്കാം.

**സീനിയർ വിഭാഗം**

ഒന്നാം സ്ഥാനം: റോസ്‌ലി വരിക്കപ്ലാംതടത്തിൽ, തിരൂർ, 337 - ₹ 3001

രണ്ടാം സ്ഥാനം: ലിസ്സി ആഞ്ഞിലിതോപ്പിൽ, മണിപ്പാറ, 330 - ₹ 2001

മൂന്നാം സ്ഥാനം: ഫിലോമിന പൊടിമറ്റത്തിൽ, ആനപ്പന്തി, 287 - ₹ 1001

**പ്രോത്സാഹന സമ്മാനങ്ങൾ (₹ 500 വീതം)**

| | | |
|---|---|---|
| ജെസ്സി രാജു കുന്നത്ത് | ചെമ്പന്തൊട്ടി | 272 |
| മേഴ്‌സി ഓരത്തേൽ | അങ്ങാടിക്കടവ് | 241 |
| ലിജി മാത്യു പേണ്ടാനത്ത് | ബദിയടുക്ക | 235 |
| ലിസ്സി ജോയ് പറന്താനത്ത് | ചെമ്പേരി | 212 |
| ത്രേസ്യാമ്മ ജോസ് നരിമറ്റത്തിൽ | മണിക്കടവ് | 208 |
| എൽസമ്മ അബ്രാഹം തോണക്കര | ദർക്കാസ് | 206.5 |
| എൽസി തൈപറമ്പിൽ | ഉളിക്കൽ | 200.5 |
| അനു ടോം പാറൻകുളങ്ങര | ശ്രീകണ്ഠാപുരം | 200.5 |
| ബിന്ദു സണ്ണി കാരയ്ക്കാട്ട് | റയറോം | 200 |

**ജൂനിയർ വിഭാഗം**

ഒന്നാം സമ്മാനം - നീനു പുത്തൻപുരയ്ക്കൽ,ചേപ്പറമ്പ് - 275 - ₹ 3001

രണ്ടാം സമ്മാനം - സിന്ധു വട്ടമല, കുട്ടാപറമ്പ - 245 - ₹ 2001

മൂന്നാം സമ്മാനം - ഷാന്റി മുണ്ടയ്ക്കൽ, നെല്ലിക്കുറ്റി - 197 - ₹ 1001

**പ്രോത്സാഹന സമ്മാനങ്ങൾ (₹ 500 വീതം)**

| | | |
|---|---|---|
| സൗമ്യ വലിയപറമ്പിൽ | അരവഞ്ചാൽ | 191 |
| ജിഷ പനച്ചിക്കൽ | രാജഗിരി | 148 |
| ജിജി ഇരുമ്പൂഴിയിൽ | കുട്ടാപറമ്പ് | 170 |
| ജീന പെരുംപള്ളിൽ | പരിയാരം | 153 |
| റോഷ്നി വട്ടോളി | എടൂർ | 148 |

**ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് സമ്മാനർഹരായ മേഖലകൾ**

ഒന്നാം സമ്മാനം - നെല്ലിക്കാംപൊയിൽ
രണ്ടാം സമ്മാനം - ചെറുപുഴ
മൂന്നാം സമ്മാനം - ചെമ്പേരി

**ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് സമ്മാനർഹരായ യൂണിറ്റുകൾ**

ഒന്നാം സമ്മാനം - ഉളിക്കൽ
രണ്ടാം സമ്മാനം - കോഴിച്ചാൽ
മൂന്നാം സമ്മാനം - ആലക്കോട് & പടന്നക്കാട്

**b) വി. ചാവറയച്ചന്റെ തിരുനാൾ മത്സരം**

ചാവറയച്ചന്റെ തിരുനാൾ ദിനമായ ജനുവരി 3ന് കേരളസഭയ്ക്ക്

അദ്ദേഹം നല്കിയ സംഭാവനകൾ വിവരിച്ചു കൊണ്ടുള്ള 3 മിനിറ്റിൽ കൂടാത്ത വീഡിയോ മത്സരം നടത്തി. മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികൾക്കും ഏവർക്കും ആശംസകളും, അഭിനന്ദനങ്ങളും.

**വിജയികളായവർ**

ഒന്നാം സമ്മാനം – സബിത കണ്ണംപാടത്തിൽ, കരുവഞ്ചാൽ – ₹ 500

രണ്ടാം സമ്മാനം – മേഴ്സി കൂട്ടാമാക്കൽ, അരവഞ്ചാൽ – ₹ 300

മൂന്നാം സമ്മാനം – റീന മനയാനിക്കൽ, പെരുമ്പടവ് – ₹ 100

**c) മാർഗ്ഗരേഖ പ്രകാശനം**

2024 ജനുവരി 15–ാം തീയതി ദിവ്യകാരുണ്യവർഷത്തെ മാതൃവേദി മാർഗ്ഗരേഖ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്തു. മാർഗ്ഗരേഖയുടെ കോപ്പി അതിരൂപതാ പ്രസിഡന്റ് ശ്രീമതി ഷീബ തെക്കേടത്ത് പിതാവിൽ നിന്നും ഏറ്റു വാങ്ങി.

**d) ദിവ്യകാരുണ്യവർഷ ജ്വാല** 10.00 am - 3.30 pm

ഫെബ്രുവരി 10 – തളിപ്പറമ്പ്

ഫെബ്രുവരി 24 – വെള്ളരിക്കുണ്ട്

**e) ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

ജനുവരി 26 – 8 pm - 9 pm

ഫെബ്രുവരി 23 – 8 pm - 9 pm

**f) ദിവ്യകാരുണ്യവർഷ ജീവകാരുണ്യപ്രവർത്തനം (മിസരിക്കോർദിയ)**

ജനുവരി 27 – തെരേസ് ഭവൻ, വെമ്പുവ

ഫെബ്രുവരി 29 – Holy Trinity Poor Home, പുന്നക്കുന്ന്

**g) ഓൺ ലൈഫ് മീഡിയായിൽ (യുട്യൂബ് ചാനൽ) പ്രോഗ്രാമുകൾ അവതരിപ്പിക്കേണ്ട മേഖലകൾ**

ഫെബ്രുവരി – ചെമ്പേരി, മേരിഗിരി

**h) ഫെബ്രുവരി മാസത്തെ മാർഗ്ഗരേഖ**

2 – നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം. ഓരോ അമ്മയും തന്റെ മക്കളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുക.

4 – ലോക ക്യാൻസർ ദിനത്തിൽ എല്ലാ ക്യാൻസർ രോഗികൾക്കും വേണ്ടി പ്രാർത്ഥിക്കുക.

9 – സകലമരിച്ചവരുടെയും തിരുനാൾ – സീറോ മലബാർ സഭ. സിമിത്തേരി വൃത്തിയാക്കുക, മരിച്ചവർക്കായുള്ള വി. കുർബ്ബാന, സിമിത്തേരിയിൽ ഒപ്പീസ് എന്നിവയിൽ പങ്കുചേരുക.

10 – ജ്വാല @ തളിപ്പറമ്പ്

11 – ലൂർദ്ദ് മാതാവിന്റെ തിരുനാൾ – അമ്മമാർ യൂണിഫോം ധരിച്ച് വി. ബലിയിൽ പങ്കുചേർന്ന് കാഴ്ച സമർപ്പണം നടത്തി രോഗീ സഹായ നിധി സമാഹരിച്ച് രോഗികളെ സഹായിക്കുക. ചെമ്പേരി മേഖലാ ആഘോഷം

12 – വിഭൂതി തിരുനാൾ – എല്ലാ അമ്മമാരും നോമ്പെടുത്ത് ഈസ്റ്ററിനായി ഒരുങ്ങുക.

13 – ലോക റേഡിയോ ദിനത്തിൽ തലശ്ശേരി അതിരൂപതയുടെ റേഡിയോ നിലയം – റേഡിയോ ഫോർ യു വഴി പ്രോഗ്രാം അവതരിപ്പിക്കാൻ ശ്രദ്ധിക്കുക Contact Number ഫാ. ജോൺ നൂറമ്മാക്കൽ + 9495482485.

14 – വാലന്റൈൻസ് ഡേയിൽ ഭാര്യാഭർത്താക്കന്മാരുടെ പുഞ്ചിരി മത്സരം. 'ഇണക്കിളികൾ' എന്ന ക്യാപ്ഷന് ഏറ്റവും ഇണങ്ങുന്ന വിധത്തിൽ ഫോട്ടോ എടുത്ത് 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക. 21 – അന്താരാഷ്ട്ര മാതൃഭാഷാ ദിനം – മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കവിതാ രചന മത്സരം 21ന് രാത്രി 12.00 നു മുമ്പായി രണ്ടു പേജിൽ കൂടാത്ത കവിത 9400206974 എന്ന നമ്പറിലേക്ക് അയയ്ക്കുക.

23 – ഓൺലൈൻ ആരാധന, സന്ദേശം (8.00pm – 9.00pm)

24 – ജ്വാല @ വെള്ളരിക്കുണ്ട്

25 – വാഴ്ത്തപ്പെട്ട റാണി മരിയ – നോർത്ത് ഇന്ത്യൻ മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാർക്ക് ആശംസകൾ നേരുകയും അവരുടെ ഭവനം സന്ദർശിച്ച് മാതാപിതാക്കളെ അഭിനന്ദിക്കുകയും ചെയ്യുക.

29 – അതിരൂപതാതല ജീവകാരുണ്യ പ്രവർത്തനം @ പുന്നക്കുന്ന് Holy Trinity Poor Home.

**പ്രത്യേക പ്രവർത്തനങ്ങൾ**

1. **ദിവ്യകാരുണ്യ വീഡിയോ നിർമ്മാണ മത്സരം** – ദിവ്യകാരുണ്യ അത്ഭുതങ്ങളെക്കുറിച്ചുള്ള വീഡിയോ നിർമ്മാണ മത്സരം 5 മിനിറ്റിൽ കൂടരുത്.
2. "മലർവാടി 2 K 24" യൂണിറ്റ്, മേഖല തല വിധി നിർണ്ണയം. മേഖലയിൽ മികച്ചത് മാസാവസാനത്തോടെ കണ്ടെത്തി വീഡിയോ രൂപതയിലേക്ക് അയച്ചു തരിക.

## III. കരോൾഗാന മത്സരം

കുടുംബകരോൾഗാന മത്സരം ഡിസംബർ 23-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തി. ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ സമ്മാനം നല്കി. മത്സരത്തിൽ വിജയികളായവർ :

ഒന്നാം സമ്മാനം – സന്തോഷ് മുട്ടച്ചിറ & ഫാമിലി – തളിപ്പറമ്പ് – ₹ 4000

രണ്ടാം സമ്മാനം – ജോസ് കണ്ടൻകാവിൽ & ഫാമിലി – കുട്ടാപറമ്പ് – ₹ 3000
മൂന്നാം സമ്മാനം – ടോണി കണ്ണംപാടത്തിൽ & ഫാമിലി – കരുവഞ്ചാൽ – ₹ 2000
നാലാം സമ്മാനം – സിജി മാത്യു ആടാംകുഴിയിൽ & ഫാമിലി – മേലേചൊവ്വ – ₹ 1000
അഞ്ചാം സമ്മാനം – ബിജു മക്കനാൽ & ഫാമിലി – ഉളിക്കൽ – ₹ 500

## IV. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

## V. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191.

## VI. അമല പ്രോലൈഫ്

ജനുവരി 13-ാം തീയതി പ്രൊലൈഫ് കോർ ടീം മീറ്റിംഗ് തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. 7 പേർ പങ്കെടുത്തു. ഒരു മണിക്കൂർ ആരാധന, ചർച്ച നടത്തി. ദിവ്യകാരുണ്യ പ്രവർത്തന വർഷാരംഭം കുറിച്ചു.

ജനുവരി 17-ാം തീയതി വിളമന ചാവറ കുര്യാക്കോസ് ദേവാലയത്തിൽ വച്ച് പ്രൊലൈഫ് ഇടവകാതലകൂട്ടായ്മ ആരംഭിച്ചു.

ഫെബ്രുവരി മാസം 25-ാം തീയതി പ്രൊലൈഫ് കോർ ടീം മീറ്റിംഗ്

**ജീവാഗ്നി ധ്യാനം (ഓൺലൈൻ) 2024**

ഗർഭിണികളായ സ്ത്രീകൾക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടിയുള്ള ഈ വർഷത്തെ ജീവാഗ്നി ധ്യാനം ഫെബ്രുവരി 26, 27, 28, 29 തീയതികളിൽ നടത്തപ്പെടുന്നു.

**1. ജ്വലനം**

ഓരോ മാസവും അതിരൂപതയിലെ ഓരോ ഇടവക കണ്ടെത്തി പ്രൊലൈഫ് കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു. ആ കൂട്ടായ്മയിൽ കൂടുതൽ കുട്ടികളുള്ള ദമ്പതിമാരെ ആദരിക്കുന്നു. ക്ലാസ്സ്, അനുഭവസാക്ഷ്യം, ആരാധന ഇവ നടത്തുന്നു.

**2. മുകുളനം:** ഇടവക കൂട്ടായ്മയോടൊപ്പം ആ ഇടവകയിൽ പ്രൊലൈഫ് യൂണിറ്റ് രൂപീകരിക്കുന്നു. മേഖലാ ഫാമിലി അപ്പൊസ്റ്റോലേറ്റ് നേതൃത്വ

വുമായി സഹകരിച്ച് ഓരോ മേഖലയിലും പ്രൊലൈഫ് ടീമിനെ സജ്ജമാക്കുന്നു.

**3. പരിപാലനം**

യുവദമ്പതികളെ ഒരുമിച്ചുകൂട്ടി കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നല്കാൻ പ്രോത്സാഹനവും ബോധവത്ക്കരണവും നടത്തുന്നു. സാമ്പത്തിക സഹായം ആവശ്യമുള്ള പ്രസവ കേസുകൾക്ക് സഹായം നല്കാൻ സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളെ കണ്ടെത്തി സ്പോൺസർ ചെയ്യിക്കുന്നു.

**4. കൈത്താങ്ങ്**

കൂടുതൽ കുട്ടികളുള്ള സാമ്പത്തികശേഷി കുറഞ്ഞ കുടുംബങ്ങളിലെ നാലും അതിനു മുകളിലുള്ള കുട്ടികളുടെ വിദ്യാഭ്യാസ ചിലവുകൾ വഹിക്കാൻ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളും അതിരൂപതാ കേന്ദ്രവും സന്യാസഭവനങ്ങളുമൊക്കെയായി സംസാരിച്ച് വേണ്ട ക്രമീകരണം നടത്തുക. ആ കുഞ്ഞുങ്ങൾ ജീവന്റെ മൂല്യം തിരിച്ചറിഞ്ഞ് വളർന്ന് ഭാവിയിൽ പ്രൊലൈഫ് മുന്നണിപ്പോരാളികളാവുന്നു എന്ന് ഉറപ്പുവരുത്തുക.

**5. സ്പർശം**

വൃദ്ധമന്ദിരങ്ങൾ, അനാഥമന്ദിരങ്ങൾ, കിടപ്പുരോഗികൾ എന്നിവരെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും അവർ താമസിക്കുന്ന പരിസരം ശുചിയാക്കുകയും ചെയ്യുക. മരണാസന്നർക്കായി പ്രാർത്ഥനകൾ നടത്തുക. അവരാരും ഒറ്റയ്ക്കല്ല, അവഗണിക്കപ്പെട്ടവരോ, ഉപേക്ഷിക്കപ്പെട്ടവരോ അല്ല എന്ന ആശ്വാസം പകർന്നേകുക.

**6. അഭയം:** അബോർഷനെക്കുറിച്ച് ആലോചിക്കുന്ന ഗർഭിണികളായ സ്ത്രീകൾക്ക് അതിൽ നിന്ന് പിന്തിരിയാൻ ബോധ്യങ്ങൾ നല്കുക. അവർക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ക്രമീകരിക്കുക. പ്രത്യേക സാഹചര്യങ്ങളിലുള്ളവർക്ക് സംരക്ഷണമേകുന്ന അഭയകേന്ദ്രങ്ങൾ കണ്ടെത്തുക. ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്ക് ഉചിതമായ അനാഥമന്ദിരങ്ങൾ താമസസൗകര്യം ഏർപ്പെടുത്തുക.

**7. പ്രദർശനം/ പ്രചരണം**

പ്രൊലൈഫ് സ്റ്റിക്കറുകൾ, ഫ്ളക്സ് ബോർഡുകൾ, ബാനറുകൾ എന്നിവ പ്രധാന പള്ളികളിലും പട്ടണപ്രദേശങ്ങളിലും സ്ഥാപിക്കുക. ലഘുലേഖകളും നെയിംസ്ലിപ്പുകളും പോസ്റ്ററുകളും തയ്യാറാക്കി വിതരണം ചെയ്യുക. ഗർഭഛിദ്രത്തിന്റെ ക്രൂരത വ്യക്തമാക്കുന്ന വീഡിയോ പ്രദർശിപ്പിച്ച് ബോധവത്ക്കരണം നടത്തുക. സോഷ്യൽ മീഡിയ ഫലപ്രദമായി ഉപയോഗപ്പെടുത്തി ജീവന്റെ മഹത്വം വിളിച്ചോതുന്ന സ്റ്റാറ്റസ്, സന്ദേശങ്ങൾ, വചനങ്ങൾ, ഉദ്ധരണികൾ എന്നിവ പ്രചരിപ്പിക്കുക. പ്രഭാഷണങ്ങൾ, വീഡിയോകൾ ഷെയർ ചെയ്യുക.

പ്രമുഖപത്രങ്ങളിൽ ജീവന്റെ മൂല്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വാർത്തകൾ പ്രസിദ്ധീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നു. പ്രൊലൈഫ് ലേഖനങ്ങളും പ്രൊലൈഫ് പ്രവർത്തകരുടെ അനുഭവങ്ങളും തയ്യാറാക്കി പ്രസിദ്ധീകരണങ്ങൾക്ക് അതാത് സമയങ്ങളിൽ എത്തിക്കുന്നു.

**8. ജിഹ്വ**

ഗവൺമെന്റിന്റെ ജീവൻ വിരുദ്ധ തീരുമാനങ്ങൾക്കെതിരെ പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുക. ആവശ്യമെങ്കിൽ പ്രതിഷേധകൂട്ടായ്മകൾ, ധർണകൾ മറ്റ് പ്രക്ഷോഭ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

**9. പരിത്രാണം**

ഗർഭച്ഛിദ്രം, മദ്യം മയക്കുമരുന്ന്, കാരുണ്യവധം, മായം കലർന്ന ഭക്ഷ്യോല്പ്പന്നങ്ങൾ, പരിസ്ഥിതി സംരക്ഷണം, മരുന്നുകളുടെ അമിതോപയോഗം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ, സ്കിറ്റ് എന്നി സംഘടിപ്പിക്കുക. സോഷ്യൽ മീഡിയ ഫ്ളാറ്റ്ഫോം ഉപയോഗപ്പെടുത്തി ഇത്തരം വെല്ലുവിളികൾക്കെതിരെ ബോധവത്ക്കരണം നടത്തുക.

**10. അവബോധം**

കുടുംബധ്യാനങ്ങളിലും മാര്യേജ് പ്രിപ്പറേഷൻ കോഴ്സുകളിലും സ്കൂളുകളിലും പ്രൊലൈഫ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ജീവന്റെ കാവാലാളാവാൻ അവബോധം നല്കുന്നു. ജീവനെതിരായുള്ള പ്രവർത്തനങ്ങളെ ചെറുക്കാൻ പരിശീലിപ്പിക്കുന്നു.

**11. അതിജീവനം**

നാം അധിവസിക്കുന്ന പ്രപഞ്ചത്തെ, അതിലെ വിഭവങ്ങളെ സംരക്ഷിക്കാനുള്ള ഉദ്യമങ്ങൾക്ക് നേതൃത്വം കൊടുക്കുക. ജൈവകൃഷിരീതി പ്രോത്സാഹിപ്പിക്കുകയും വിഷരഹിതപച്ചക്കറികൾ ഉല്പാദിപ്പിക്കാൻ അവബോധം നല്കുകയും ചെയ്യുക. മാലിന്യശേഖരണം, സംസ്ക്കരണം എന്നിവയ്ക്ക് കൃത്യമായ പരിശീലനം നല്കുക. ആരോഗ്യസംരക്ഷണത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് സാധ്യമായ വിധത്തിലെല്ലാം ബോധവത്ക്കരണം നടത്തുക.

**12. ദർശനം**

ദൈവദാനമായ മനുഷ്യജീവൻ അമൂല്യമാണെന്ന സദ്വാർത്ത അറിയിക്കാനും അതിനെ സംരക്ഷിക്കാനുമുള്ള ദൗത്യം ഏൽപ്പിക്കപ്പെട്ടിരിക്കുന്നവളാണ് സഭ. കാലാകാലങ്ങളിൽ ജീവന്റെ മൂല്യത്തെ പ്രഘോഷിച്ചുകൊണ്ടും അത് നേരിടുന്ന വെല്ലുവിളികളെ ചെറുക്കാൻ ആഹ്വാനം ചെയ്തുകൊണ്ടും ധാരാളം പ്രബോധനങ്ങൾ സഭാ മാതാവ് നല്കിയിട്ടുണ്ട്. ദൗർഭാ

ഗ്യവശാൽ സാധാരണ വിശ്വാസികളിലേയ്ക്ക് ഇനിയും എത്തിയിട്ടില്ലാത്ത ഈ പ്രബോധനങ്ങൾ ലീഫ്ലെറ്റ്, ബുക്ക്ലെറ്റ് തുടങ്ങിയവയിലൂടെ കഴിയുന്നത്ര പ്രചരിപ്പിച്ച് പരമപ്രധാനമായ മൂല്യം ജീവനാണ് എന്ന ദർശനം പകർന്നേകുക.

**മറ്റ് പ്രവർത്തനങ്ങൾ**

♦ **ജീവോത്സവം 2K24**

തലശ്ശേരി അതിരൂപതയിലെ നാലോ അതിൽകൂടുതലോ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളുടെ സ്നേഹസംഗമം.

1. നാലാമത്തെ കുട്ടി 2022 ഡിസംബർ 31 ന് ശേഷം ജനിച്ചതായിരിക്കണം
2. നവംബർ 23 ശനിയാഴ്ച രാവിലെ 9.30 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ.

♦ പ്രോലൈഫ് കോർ ടീം എല്ലാ മാസവും അവസാനത്തെ ശനിയാഴ്ച ഒരുമിച്ച് ചേർന്ന് പ്രാർത്ഥനയും കൂട്ടായ്മയും നടത്തുന്നു.

♦ വലിയ കുടുംബങ്ങളുടെ റീജണൽ സംഗമം ഏപ്രിൽ - മെയ് മാസങ്ങളിലായി അതിരൂപതയിലെ വിവിധ റീജിയണുകൾ കേന്ദ്രീകരിച്ച് വലിയ കുടുംബങ്ങളുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രോത്സാഹനങ്ങൾ നല്കുന്നു.

**പ്രോലൈഫ് മാരേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്.

Web Site: www.prolifemarry.com

**VII. നന്ദി - സ്വാഗതം**

കഴിഞ്ഞ അഞ്ചുവർഷമായി മാതൃവേദി രൂപതാ ആനിമേറ്ററായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച സി. പൗളിൻ സി.എച്ച്.എഫിന് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

മാതൃവേദി രൂപതാ ആനിമേറ്ററായി ചാർജെടുത്ത സി. ലിസ്മരിയ സി.എച്ച്.എഫിന് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ**

Mail ID : familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**1. പേരട്ട സെന്റ് ആന്റണീസ് യുപി സ്കൂൾ പുതിയ കെട്ടിട ത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും**

പേരട്ട സെന്റ് ആന്റണീസ് യുപി സ്കൂളിന്റെ നവീകരണം ലക്ഷ്യ മാക്കി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും 48-ാം സ്കൂൾ വാർഷികവും 2024 ജനുവരി 3 ന് ആഘോഷിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. ശ്രീ. സജീവ് ജോസഫ് എംഎൽഎ പുതിയ സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു. കമ്പ്യൂട്ടർ ലാബ് അഡ്വ. ബിനോയ് കുര്യനും (ജില്ല പഞ്ചായത്ത് വൈസ്പ്രസിഡണ്ട്), ലൈബ്രറി & റീഡിങ്ങ് റൂം ശ്രീ. പി.സി. ഷാജിയും (ഉളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്), കിച്ചൺ കം സ്റ്റോർ ശ്രീ. ബാബുരാജ് കെ എം (എഇഒ ഇരിട്ടി), സയൻസ് ലാബ് പി.എസ് സജീവൻ (മുൻ ഇരിട്ടി എഇഒ പൂർവ്വ വിദ്യാർത്ഥി) എന്നിവ യുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ മുഖ്യപ്രഭാഷണം നടത്തി.

മനോഹരമായ ഈ സ്കൂൾ കെട്ടിടം യാഥാർത്ഥ്യമാക്കുന്നതി നായി അത്യദ്ധ്വാനം ചെയ്ത റവ. ഫാ. തോമസ് കിടാരത്തിൽ അച്ചന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. അച്ചനോടൊപ്പം ഈ ഉദ്യമ ത്തിനായി അദ്ധ്വാനിച്ച കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗ ങ്ങൾ, ഇടവകാംഗങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ പിടിഎ ഭാരവാഹികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**2. റവ. ഫാ. ജോൺ വടക്കുംമൂലയിൽ മെമ്മോറിയൽ പ്രസംഗ മത്സരം**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപക-അനധ്യാപകർക്കായി ഫാ. ജോൺ വടക്കുംമൂലയിൽ മെമ്മോറിയൽ പ്രസംഗമത്സരം ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് ജനുവരി 13-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു.

**പ്രസംഗമത്സര വിജയികൾ**

## Gents

ഒന്നാം സ്ഥാനം – ശ്രീ. സുനിൽ ജോർജ് (സെന്റ് ജോസഫ്സ് എച്ച് എസ് പുലിക്കുരുമ്പ)

രണ്ടാം സ്ഥാനം – ശ്രീ. ഷൈബി കെ.ഇ. (നിർമ്മല എച്ച്എസ്എസ് ചെമ്പേരി)

മൂന്നാം സ്ഥാനം – ശ്രീ. മാത്യു ജോസഫ് (സെന്റ് ജോസഫ്സ് യു.പി.എസ് കുന്നോത്ത്)

## Ladies

ഒന്നാം സ്ഥാനം – ശ്രീമതി. നീതുമോൾ ആന്റണി (സെന്റ് ജോസഫ്സ് യുപിഎസ് പുലിക്കുരുമ്പ)

രണ്ടാം സ്ഥാനം – ശ്രീമതി. സിന്ധു ജോസഫ് (സെന്റ് ജോസഫ്സ് യുപി എസ് കുന്നോത്ത്)

മൂന്നാം സ്ഥാനം – സി. സീനമോൾ എം സേവ്യർ (സെന്റ് തോമസ് യുപി സ്കൂൾ കരിക്കോട്ടക്കരി)

**വിജയികൾക്ക് അഭിനന്ദനങ്ങൾ**

### 3. മാസ്റ്റർമൈൻഡ് 2 K 23

കോർപ്പറേറ്റ്തല പൊതുവിജ്ഞാന പരീക്ഷ 2024 ഫെബ്രു. 5-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ വിവിധ സെന്ററുകളിൽ വെച്ച് നടത്തുന്നു. സ്കൂൾതല പരീക്ഷയിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികളാണ് കോർപ്പറേറ്റ്തല പരീക്ഷയിൽ പങ്കെടുക്കുന്നത്.

### 4. അധ്യാപക/അനധ്യാപക അവാർഡുകൾ

നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപകരുടെ സേവനങ്ങളെ സഭയും സമൂഹവും നന്ദിയോടെ സ്മരിക്കുന്നു. ചിലർ വളരെ മാതൃകാപരവും ശ്രദ്ധേയവുമായ സേവനങ്ങൾ ചെയ്യുന്നുണ്ട്. സ്കൂൾ തലത്തിലും കോർപ്പറേറ്റ് തലത്തിലും അധ്യാപകരെയും അനധ്യാപകരെയും ആദരിക്കണം. എല്ലാവർക്കും അവാർഡുകൾ നൽകുക പ്രായോഗികമല്ലല്ലോ. കോർപ്പറേറ്റ് തലത്തിൽ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡ്, മോൺ. തോമസ് പഴേപറമ്പിൽ അവാർഡ്, മെറിറ്റ് സർട്ടിഫിക്കറ്റുകൾ എന്നിങ്ങനെ മൂന്ന് തരത്തിലുള്ള അവാർഡുകൾ അധ്യാപകർക്കും അനധ്യാപകർക്കും നൽകുന്നു. ഈ വർഷത്തെ അവാർഡുകൾക്ക് അർഹരായിട്ടുള്ളവരുടെ പേരുകൾ ബഹു. വികാരിയച്ചന്മാരും മറ്റ് സ്റ്റാഫ് അംഗങ്ങളും വിശദമായ റിപ്പോർട്ടുകളോടെ ഫെബ്രുവരി 5-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് വിശദമായ പഠനം നടത്തി അവാർഡുകൾ നൽകുന്നതാണ്.

**5. വിദ്യാലയ വിലയിരുത്തൽ:** ഓരോ വിദ്യാലയത്തെയും വിലയിരുത്തി അവാർഡ് നൽകുന്നതിനായി സ്കൂൾ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്. സ്കൂൾ വാർഷിക റിപ്പോർട്ട് കൃത്യമായ ഒരു വിലയിരുത്തലിന്റെ ബാക്കി പത്രമാകണം. വിദ്യാലയ പ്രവർത്തനങ്ങളെ വിലയിരുത്തി കൃത്യമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഒരു മാർഗ്ഗരേഖ എല്ലാ വർഷവും കോർപ്പറേറ്റിൽ നിന്ന് അയക്കാറുണ്ട്. ഈ ഫോർമാറ്റ് അവാർഡ് ലഭിക്കുന്നതിനുവേണ്ടി മാത്ര മല്ല, വിദ്യാലയത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന തിനുവേണ്ടിയാണ്. അതുകൊണ്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നയക്കുന്ന സ്കൂൾ പെർഫോമയെ അടിസ്ഥാനമാക്കി പ്രധാനധ്യാപകരുടെ നേതൃത്വ ത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ യഥാവിധി വിലയിരുത്തി റിപ്പോർട്ട് തയ്യാ റാക്കി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം.

**6. പി. ടി. എ. അവാർഡ്:** നമ്മുടെ വിദ്യാലയങ്ങൾക്ക് പി.ടി.എ. നൽകുന്ന പിന്തുണയും പ്രോത്സാഹനവും ശ്രദ്ധേയമാണ്. വിദ്യാലയങ്ങളെ സ്നേഹിക്കുകയും തങ്ങളുടെ സമയവും അദ്ധ്വാനവും സ്കൂളിനുവേണ്ടി മാറ്റിവെക്കുകയും ചെയ്യുന്ന രക്ഷിതാക്കളോട് പ്രത്യേകം നന്ദി പറയുന്നു.

2023-24 അധ്യയന വർഷത്തിൽ പി.ടി.എ. യുടെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തനങ്ങൾ വാർഷിക വിലയിരുത്തൽ റിപ്പോർട്ടിന്റെ ഭാഗമാകണം. ഈ അധ്യയന വർഷം പി.ടി.എ. യുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിദ്യാലയ പ്രവർത്തനങ്ങളെയും വികസന പദ്ധതികളെയും വിലയിരുത്തി മികച്ച പി. ടി.എ. യ്ക്കുള്ള അവാർഡുകൾ നൽകുന്നു. റിപ്പോർട്ട് ഫെബ്രുവരി 10-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കണം.

**7. പ്രിൻസിപ്പാൾ / ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് സെലക്ഷൻ**

പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് തസ്തികകളിലേക്ക് നിയ മനത്തിന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകരിൽ നിന്ന് ന്യൂനപക്ഷാവകാശത്തെ അടിസ്ഥാനമാക്കി സെലക്ഷൻ നടത്തി നിയമനം നൽകുന്നതായിരിക്കും. അപേക്ഷകർ 24/02/2024 തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ ഫോം സ്കൂളിലേക്ക് ഇ-മെയിൽ ചെയ്യുന്നതാണ്.

**8. യാത്രയയപ്പ് സമ്മേളനവും അവാർഡ് ദാനവും**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ 2023-2024 അധ്യയനവർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്ര യയപ്പ് സമ്മേളനവും മികച്ച സ്കൂളുകൾക്കും അധ്യാപക-അനധ്യാപ കർക്കുള്ള അവാർഡ് ദാനവും ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച നട ത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

**കലോത്സവം**

കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തോടനുബന്ധിച്ച് കോളേജ് തലത്തിൽ സ്റ്റേജ്, സ്റ്റേജിതര മത്സരങ്ങൾ നടത്തപ്പെട്ടു.

**ചർച്ചാ ക്ലാസ്സ്**

06.01.24 ന് Rev. Fr. Anto CMI (Vice Principal, St Josephs College Devagiri), ഓട്ടോണോമസ് കോളേജിന്റെ പ്രവർത്തനങ്ങൾ, സാധ്യതകൾ, വെല്ലുവിളികൾ എന്ന വിഷയത്തിൽ ഒരു ചർച്ചാ ക്ലാസ്സ് സെമിനാർ ഹാളിൽ വച്ച് 10.00 മുതൽ 12.30 വരെ നടത്തപ്പെട്ടു.

**സൗത്ത് ഇന്ത്യൻ കലോത്സവത്തിൽ മികച്ച നേട്ടം**

WESTERN GROUP SONG മത്സരത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന ടീമിലേക്ക് നിർമ്മലഗിരി കോളേജിൽ നിന്നും സയന പി.വി. ഹരിത രാജേഷ് (2 DC കോമേഴ്സ്) ചൈതന്യ മോഹൻ എൻ (2 DC ഇംഗ്ലീഷ്) എന്നിവർ തെരെഞ്ഞെടുക്കപ്പെട്ടു.

**രക്തമൂലകോശ ദാന രജിസ്ട്രേഷൻ ക്യാമ്പ് :** 19/01/2024 വെള്ളിയാഴ്ച രാവിലെ 09.00 മണി മുതൽ 12.00 മണി വരെ നടത്തപ്പെട്ടു.

**ഏകദിന ശില്പശാല :** IQAC യുടെ നേതൃത്വത്തിൽ കോളേജിൽ Demystifying Outcome Based Education എന്ന വിഷയത്തിൽ 20/01/2024 ശനിയാഴ്ച ഏകദിന ശില്പശാല സംഘടിപ്പിച്ചു.

**മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം**

കഴിഞ്ഞ വർഷത്തെ പെൺകുട്ടികൾക്കുള്ള മുഖ്യമന്ത്രിയുടെ സ്കോളർഷിപ്പിന് നിർമലഗിരിയിൽ നിന്നും 13 പേർ യോഗ്യരായി. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് ഈ പുരസ്കാരം. സംസ്ഥാനത്താകെ ആയിരം പെൺകുട്ടികൾക്ക് മികവും സാമ്പത്തികസാഹചര്യവും പരിഗണിച്ച് നൽകപ്പെടുന്നതാണ് ഈ സ്കോളർഷിപ്പ്.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**മോൺ. മാത്യു എം ചാലിൽ മെമ്മോറിയൽ വിദ്യാഭ്യാസ സ്കോളർഷിപ്പ്**

**10,000/രൂപ വാർഷിക ഫീസിൽ 200 വിദ്യാർത്ഥികൾക്ക് B.Tech പഠനം**

- +1 പരീക്ഷക്ക് (Physics, Chemistry & Maths) 90% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്ന 200 വിദ്യാർത്ഥികൾക്ക് ഒരു വർഷം 10,000/- രൂപ മാത്രം ട്യൂഷൻ ഫീസ് നൽകി B.Tech പഠിക്കാം.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 85% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 15,000/- രൂപ വീതം സ്കോളർഷിപ്പ്.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 80% - ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 10,000/-രൂപ വീതം സ്കോളർഷിപ്പ്.

**നിബന്ധനകൾ**

- +2 റിസൾട്ടിനുശേഷം, +2 മാർക്കുകളായിരിക്കും പരിഗണിക്കുക.
- B.Tech അഡ്മിഷന്, KEAM യോഗ്യത നിർബന്ധമായിരിക്കും.
- CSE, ADS എന്നീ ബ്രാഞ്ചുകളിൽ സ്കോളർഷിപ്പ് സീറ്റുകൾ പരിമിതം.

| KEAM RANK SCHOLARSHIP 2023 | |
|---|---|
| KEAM Rank 1 - 5000 | Scholarship : Entire College Fee |
| Rank 5001 - 8000 | Scholarship : 2,65,400/- (66,350x4 year)<br>Tution Fee = Government Fee only |
| Rank 8001 - 10000 | Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | Scholarship : 20,000/- (5000x4 year) |

യോഗ്യരായവർക്ക് QR കോഡ് സ്കാൻ ചെയ്ത് ഈ സ്കോളർഷിപ്പിന് രജിസ്റ്റർ ചെയ്യാവുന്നതാണ്

SCAN ME!

**കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക**

**04602212240, 04602213900**

## പ്ലേസ്മെന്റ് വാർത്തകൾ January 2024

- സുൽത്താൻ ബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന START-UP IT കമ്പനിയായ NETHRAM LLC വിമൽജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി CAMPUS RECRUITMENT നടത്തുന്നു. പ്രതിവർഷം 4 ലക്ഷത്തോളം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- ബഹുരാഷ്ട്ര IT കമ്പനിയായ UST Global നടത്തിയ CAMPUS RECRUITMENT - ലൂടെ COMPUTER SCIENCE അവസാന വർഷത്തിൽ പഠിക്കുന്ന രണ്ട് വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പരിശീലനം ഫെബ്രുവരി മാസത്തിൽ ആരംഭിച്ച് മെയ് മാസത്തോടെ പൂർത്തിയാകും. ജൂലൈ ആദ്യ വാരം മുതൽ ജോലിക്ക് ഹാജരാകണം.
- പ്രമുഖ സ്വകാര്യ ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്ക് 'പ്രൊബേഷനറി ഓഫീസർ' തസ്തികയിലേയ്ക്കായി CAMPUS RECRUITMENT നടത്തുന്നു. 100 ലധികം. ഒഴിവുകൾ നിലവിലുണ്ട്. ഫെബ്രുവരി അവസാനത്തോടെ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിവർഷം 12 ലക്ഷത്തിലധികം രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണ്.
- **US -** ലെ പ്രമുഖ യൂണിവേഴ്സിറ്റിയായ STEPHEN F AUSTIN STATE യൂണിവേഴ്സിറ്റിയുമായി സഹകരിച്ചു U Sse CAREER STUDY OPPORTUNITY യെ സംബന്ധിച്ച ഒരു webinar February 5, 2024 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

**ജർമൻ ഫെബ്രുവരി ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു**

**IELTS, OET, UKVI, PTE**

IELTS, OET, UKVI, PTE തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Ph: 8281750777, 8281730777**. ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക : www.sanjoseacademy.in

**എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.**

**ജർമൻ ഭാഷാ പരിശീലനം**

| A2 | B1 | B2 |
|---|---|---|
| Feb. 18 | Feb. 10 | Feb. 05 & Feb. 18 |

**ക്രാഷ് കോഴ്സ്**

ഈ വർഷം മുതൽ കർണാടകയിൽ നഴ്സിങ് പഠിക്കുന്നതിന് കർണാടക നഴ്സിംഗ് എൻട്രൻസ് (കോമൺ എലിജിബിലിറ്റി ടെസ്റ്റ് - CET) പാസ്സാകണം എന്ന വിവരം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുമല്ലോ.

കർണാടക നേഴ്സിങ് എൻട്രൻസ് (കോമൺ എലിജിബിലിറ്റി ടെസ്റ്റ് - CET) എഴുതുന്നതിന് കുട്ടികളെ തയ്യാറാക്കുന്നതിന് വേണ്ടി

ഈ വർഷം മുതൽ വിമൽജ്യോതി എൻജിനീയറിങ് കോളേജ്, സാൻജോസ് അക്കാദമിയുടെ നേതൃത്വത്തിൽ നഴ്സിംഗ് എൻട്രൻസിനുവേണ്ടിയുള്ള ക്രാഷ് കോഴ്സ് മാർച്ച് 25 ന് ആരംഭിക്കുന്നു. മാർച്ച് 24 നാണ് അഡ്മിഷൻ.

കൂടാതെ, എല്ലാ വർഷങ്ങളിലും നടത്തിവരുന്ന NEET, KEAM എന്നിവയുടെ എൻട്രൻസ് കോച്ചിംഗും മാർച്ച് 25 ന് ആരംഭിക്കുന്നു.

പരിമിതമായ സീറ്റുകൾ മാത്രം ഉള്ളതുകൊണ്ട് ക്രാഷ് കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2024 ജനുവരി 30-ന് ഉള്ളിൽ ഗൂഗിൾ ഫോം ലിങ്ക് (ക്യൂ ആർ കോഡ് സ്കാൻ ചെയ്ത്) വിവരങ്ങൾ നൽകി ആപ്ലിക്കേഷൻ സമർപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു !!!

Google form link for crash course registration
https://forms.gle/BiJ6XUN4pnGq4yst9
For more details:

Mob: 8281 750 777
8281 730 777
www.sanjoseacademy.in

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

ദൈവജനത്തെ അനുയാത്ര ചെയ്യുവാനുമുള്ള സഭയുടെ ദൗത്യനിർവ്വഹണത്തിൽ ഏറെ സഹായപ്രദമായ അജപാലന സംവിധാനമാണ് കുടുംബക്കൂട്ടായ്മകൾ. ഇടവകയെ ചെറിയ യൂണിറ്റുകളായി തിരിച്ച് മാസത്തിലൊരിക്കൽ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും സംഭാഷണത്തിലേർപ്പെടുകയും ആനുകാലിക വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്ന ഈ അജപാലന ശൈലി ദൈവജനത്തിന് ഉണർവും ആത്മീയതയും പകരുകയും സമുദായികബോധത്തിൽ വളരുവാൻ സഹായകമാകുകയും ചെയ്യുന്നുണ്ട്.

നമ്മുടെ എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ രൂപപ്പെടുവാനും സജീവമാക്കുവാനും കൂടുതൽ പരിശ്രമിക്കണമെന്ന് ബഹു. വൈദികരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. പുതിയ റിപ്പോർട്ട് ബുക്കും പ്രാർത്ഥനാ പുസ്തകവുമാണ് ജനുവരി മാസം മുതൽ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ടത്.
2. പ്രാർത്ഥനാ പുസ്തകവും റിപ്പോർട്ട് ബുക്കും നിങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഫൊറോനാ കേന്ദ്രങ്ങളിൽ ഇതിനോടകം എത്തിച്ചിട്ടുണ്ട്.
3. റിപ്പോർട്ട് ബുക്കും പ്രാർത്ഥനാ പുസ്തകവും ഇനിയും കൂടുതൽ ആവശ്യമുള്ളവർ എന്നെ ഫോൺ വിളിച്ചറിയിച്ചാൽ ലഭ്യമാക്കുന്നതാണ്.
4. കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്ക് ഫൊറൊനാ അടിസ്ഥാനത്തിൽ ഒരു പരിശീലനം നല്കാൻ ആഗ്രഹിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ സമയ ലഭ്യത അനുസരിച്ച് വരും മാസങ്ങളിൽ പ്രസ്തുത പരിശീലനം നടത്തുന്നതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### നോർത്ത് – ഈസ്റ്റ് മിഷൻ

ആദം മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ നോർത്ത് ഇന്ത്യൻ കാത്തലിക് സ്പെഷ്യൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആസാം, മേഘാലയ ഭാഗങ്ങളിലുള്ള സ്പെഷ്യൽ സ്കൂളുകൾ സന്ദർശിച്ചു. ഏഴുമുതൽ 12 വരെയുള്ള തീയതികളിൽ മൗണ്ട് ഫോർട്ട് ബ്രദേഴ്സ് നേതൃത്വം കൊടുക്കുന്ന ഇംക്ലൂസീവ് എഡ്യൂക്കേഷൻ സെന്റർ ജോറോബാദ്, ഫെരണ്ടോ സ്കൂൾ ഫോർ ഡഫ് ഉമ്ബീൻ എന്നിവിടങ്ങളിലെ അധ്യാപകരും കുട്ടികളുമായി ആശയവിനിമയം നടത്തി. സ്പെഷ്യൽ സ്കൂൾ വിദ്യാഭ്യാസത്തിന് നാഷണൽ ലെവലിൽ കൂടുതൽ പ്രാധാന്യം നല്കുന്ന മൗണ്ട് ഫോർട്ട് ബ്രദേഴ്സ് ജെയിംസ്, അരുൾദാസ് എന്നിവരുമായി ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

### ബാംഗ്ലൂർ മിഷൻ

പതിനാലാം തീയതി ഞായറാഴ്ച ബാംഗ്ലൂർ എഫാത്താ അംഗങ്ങൾ ഒന്നിച്ച് പുതുവർഷത്തിലെ ആദ്യ ആംഗ്യഭാഷ ബലിയർപ്പണം നടത്തി. 2024 വർഷത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

### ജ്യോതി ഭവൻ – രജത ജൂബിലി

തിരുഹൃദയ സന്യാസിനികളുടെ നേതൃത്വത്തിൽ ചായോത്ത് പ്രവർത്തിക്കുന്ന ജ്യോതിഭവൻ സ്പീച്ച് ആന്റ് ഹിയറിങ് സ്കൂളിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്ന് അതിരൂപത ഭിന്നശേഷി ശുശ്രൂഷ വിഭാഗമായ ആദം മിനിസ്ട്രിയുടെ ആശംസകൾ അർപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത ജൂബിലി സമ്മേളനത്തിന് ആംഗ്യഭാഷയിൽ പരിഭാഷ നല്കി.

രജത ജൂബിലിയോട് അനുബന്ധിച്ച് എക്സിബിഷൻ, കുട്ടികൾക്കുള്ള പാർക്ക് ഉദ്ഘാടനം, വിവിധ മേഖലയിൽ കഴിവ് തെളിയിച്ച കുട്ടികൾക്കുള്ള ആദരവ്, കുട്ടികളുടെ കലാപരിപാടികൾ എന്നിവ ജൂബിലി ആഘോഷത്തിന് മികവ് നല്കി. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന തിരുഹൃദയ സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സിനും സ്കൂളിലെ അധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും മാനേജ്മെന്റിനും അഭിനന്ദനങ്ങൾ. ജൂബിലി ആശംസകൾ.

**കുടുംബവേദി**

ആദം മിനിസ്ട്രി അംഗങ്ങളായ മാനന്തവാടി രൂപത പാടച്ചിറ ഇടവക കിഴക്കേഭാഗത്ത് നിഖിൽ പോൾ പെരുന്നാനൂർ ഇടവക കട്ടയത്ത് അഖില ഷാജൻ എന്നിവരുടെ വിവാഹം മുള്ളൻകൊല്ലി പള്ളിയിൽവച്ച് പതിനെട്ടാം തീയതി ആശീർവദിച്ചു. ആംഗ്യഭാഷയിൽ നടന്ന കൂദാശ അനുഷ്ഠാനങ്ങളും ബധിര സമൂഹം ഒന്നിച്ച് ചേർന്ന് നല്കിയ ആംഗ്യഭാഷാ ആശംസകളും വിശ്വാസികൾക്ക് അനുഭവമായി.

**ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി**

21-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിമുതൽ വിശുദ്ധ ബലി, ബൈബിൾ പഠനം, എന്നിവയ്ക്കായി അതിരൂപതയിലെ സമൂഹം ഒന്നുചേർന്നു. 20 വർഷങ്ങൾ പൂർത്തിയാക്കുന്ന ആലക്കോട് ബധിര ബൈബിൾ സമൂഹത്തിന്റെ വാർഷിക ആഘോഷങ്ങൾ ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. ബധിര സമൂഹത്തിലെ എല്ലാവരെയും കുടുംബസമേതം ഇരുപതാം വാർഷിക ആഘോഷത്തിലേക്ക് സാദരം ക്ഷണിക്കുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

### മേഖല സന്ദർശനങ്ങൾ

ടിഎസ്എസ്എസ് അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് എടൂർ റീജിയണിലെ എടപ്പുഴ യൂണിറ്റ് സന്ദർശിക്കുകയും വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

### SHG & JLG ലോണുകൾ

കർഷക ആത്മഹത്യകളും കടക്കെണിയും പെരുകുമ്പോൾ അതിനൊരു പരിഹാരമായി ടിഎസ്എസ് എസിന്റെ നേതൃത്വത്തിൽ SHG ലോണുകളുടെ പ്രവർത്തനങ്ങൾ തുടരുന്നു. കണ്ണൂർ, കാസർ ഗോഡ് ജില്ലകളിൽ SHG ലോണുകൾ ധനലക്ഷ്മി ബാങ്കുമായി സഹകരിച്ച് വിതരണം ആരംഭിച്ചു. കഴിഞ്ഞ മാസത്തിൽ 53 SHG കളിലായി 640-ഓളം ആളുകൾക്ക് ആറ് കോടി നാല്പതു ലക്ഷം രൂപ നൽകുവാൻ സാധിച്ചു.

### സജീവം

പുതുതലമുറയെയും അവരുടെ കുടുംബങ്ങളെയും നശിപ്പിച്ചു കൊണ്ടിരിക്കുന്ന ലഹരിക്കെതിരെ ബോധവത്ക്കരണ ക്ലാസ് കൊളക്കാട് സെന്റ് സെബാസ്റ്റ്യൻ യു.പി. സ്കൂളിൽ വെച്ച് നടത്തി. ടിഎസ് എസ്എസ് സജീവം കോർഡിനേറ്റർ അലീന സണ്ണിയുടെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചാണ് ക്ലാസ്സ് സംഘടിപ്പിച്ചത്. പേരാവൂർ ഡിവിഷൻ സിവിൽ എക്സൈസ് ഓഫീസർ ശിവദാസൻ സാറാണ് ക്ലാസ് നയിച്ചത്.

### ആശാകിരണം ഇൻഷുറൻസ് പദ്ധതി

ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ വിവിധ ഇൻഷുറൻസ് കമ്പനികളുമായി ചേർന്നുള്ള ആശാകിരണം ഇൻഷുറൻസ് പദ്ധതി യുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നു. ഇതിനോടകം തന്നെ നിരവധി ആളുകൾ ആരോഗ്യ ഇൻഷുറൻസിൽ

മെമ്പർമാരാകുകയും കൂടുതൽ ആളുകൾ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആളുകൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്ന തിനുവേണ്ടി കെയർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി സഹകരി ച്ചാണ് ആശാകിരണം ഇൻഷുറൻസിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. അതോടൊപ്പംതന്നെ തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരെയും കെയർ ഹെൽത്ത് പോളിസിയിൽ അംഗങ്ങളാക്കി. ഈ സേവനങ്ങളെ കുറിച്ച് കൂടുതൽ അറിയുന്നതിനായി ഓഫീസ് സ്റ്റാഫ് ഹെലനെയോ (Ph:9656282859) അതോടൊപ്പം അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിനെയോ (Ph: 9645408161) ബന്ധപ്പെടാവുന്നതാണ്.

### അഭിനന്ദനങ്ങൾ

കെയർ ഹെൽത്ത് ഇൻഷുറൻസ് IRDAI പരീക്ഷ പാസായ ബഹു. ജോൺസൺ വേങ്ങപറമ്പിലച്ചന് അഭിനന്ദനങ്ങൾ.

### കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷൻ

നമ്മുടെ അതിരൂപതയുടെയും TSSS ന്റെയും കമ്മ്യൂണിക്കേഷൻ മേഖല യിലേക്കുള്ള പുതിയ കാൽവയ്പ്പായ റേഡിയോസ്റ്റേഷന്റെ പ്രവർത്തനങ്ങൾ പൂർത്തിയായിരിക്കുകയാണ്.

### സ്വാഗതം & നന്ദി

#### റേഡിയോ ഫോർയൂ 89.6 FM

കമ്മ്യൂണിറ്റി റേഡിയോയുടെ പുതിയ ഡയറക്ടറായി ഉത്തരവാദിത്തം ഏറ്റെടുത്ത ഫാ. ജോൺ നൂറന്മാക്കലച്ചന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. അച്ചനെ സ്നേഹപൂർവം സ്വാഗതം ചെയ്യുകയും അച്ചന്റെ പുതിയ പ്രവർത്ത നമേഖലയിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു.

റേഡിയോ സ്റ്റേഷന്റെ വളർച്ചയുടെ കാലഘട്ടങ്ങളിൽ മുന്നോട്ടു നയിക്കു കയും വളർത്തുകയും ചെയ്ത ബഹു. ജോസഫ് വയലുങ്കലച്ചനു നന്ദിയും കടപ്പാടും അറിയിക്കുന്നു. അച്ചന്റെ പുതിയ മേഖലയിൽ എല്ലാവിധ ആശംസകളും നേരുന്നു.

### വോളന്റിയർ സെലക്ഷൻ

കാസർഗോഡ് ജില്ലയുടെ ആദ്യത്തെ റേഡിയോ ആയ റേഡിയോ ഫോർ യൂ89.6 FM കമ്മ്യൂണിറ്റി റേഡിയോയിലേക്ക് അവതാരകരാകുവാനും പ്രോഗ്രാമുകൾ അവതരിപ്പിക്കുവാനും വോളണ്ടിയേഴ്സിനെ ആവശ്യമുണ്ട്. നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ഒപ്പം മുതിർന്നവർക്കും പ്രോഗ്രാ മുകൾ അവതരിപ്പിക്കുവാൻ ഇതൊരു അവസരമാണ്. പ്രോഗ്രാമിൽ പങ്കെടുക്കാൻ താല്പര്യമുള്ള ആളുകൾ അവരുടെ ശബ്ദം മെസ്സേജ് ആയി താഴെ പറയുന്ന നമ്പറിലേക്ക് അയച്ചാൽ മതിയാകും. Ph: 9400608896.

## റെക്കോഡിംഗ്

ഫോർ യൂ റേഡിയോ സ്റ്റേഷനിൽ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ സൗണ്ട് റെക്കോഡിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. നമ്മുടെ തിരുനാളുകൾക്കും, സ്റ്റേജ് പ്രോഗ്രാമുകൾക്കും നല്ല ക്വാളിറ്റിയോടെ സൗണ്ട് റെക്കോഡിംഗ് ചെയ്ത് നൽകാൻ നമ്മുടെ സൗണ്ട് റെക്കോഡിംഗ് സ്റ്റുഡിയോയിൽ സൗകര്യമുണ്ട്. ബഹു. അച്ചന്മാർ ഈ അവസരം ഉപയോഗപ്പെടുത്തുമല്ലോ. ആവശ്യമുള്ള ആളുകൾ റേഡിയോ സ്റ്റേഷൻ ഡയറക്ടർ ബഹു. ജോൺ നൂറാന്മാക്കലച്ചനെ വിളിച്ചാൽ മതിയാകും. ഫാ. ജോൺ നൂറന്മാക്കൽ : 9495482485.

## കാൻസർ പരിശോധനാ ക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പുകളുടെ ഭാഗമായി ജനുവരി 4-ാം തീയതി നെല്ലിക്കാംപൊയിൽ ആർസിസി ഓഫീസിൽ വച്ച് കാൻസർ പരിശോധന ക്യാമ്പ് നടത്തപ്പെട്ടു.

## ആരോഗ്യം - സൗജന്യചികിത്സ & ഓപ്പറേഷൻ

ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് സന്ദർശിക്കുകയും ടിഎസ്എസ്എസും മെഡിക്കൽ കോളേജും സംയുക്തമായിട്ടുള്ള ആരോഗ്യ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. അതിന്റെ ഫലമായി ടിഎസ്എസ്എസ് മെംബർമാർക്കും, ടിഎസ്എസ്എസ് ശുപാർശ ചെയ്യുന്ന നിർദ്ധനരായ രോഗികൾക്കും മെഡിക്കൽകോളേജിൽ നിന്നും ഹാർട്ടിനും കിഡ്നിക്കും ഒഴികെ 100 സർജറികൾ സൗജന്യമായി ചെയ്തു നൽകാൻ ധാരണയായി അതുപോലെ തന്നെ ഡെലിവറി പതിനായിരം രൂപയിൽ താഴയെ ചിലവ് വരികയുള്ളൂ. കൂടാതെ ആശുപത്രിയിൽ കിടന്നുള്ള ഫിസിയോതെറാപ്പിയും മാസത്തിൽ ഒന്ന് വീടുകളിൽ പോയിട്ടുള്ള ഫിസിയോ തെറാപ്പിയും സൗജന്യമായി ചെയ്തു നൽകും. ഇതിനോടകം തന്നെ 50ഓളം രോഗികൾക്ക് ഈ പദ്ധതി ഉപകാരപ്പെട്ടു. പാവപ്പെട്ട രോഗികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താൻ സഹായിച്ച വൈദികരെയും ടിഎസ്എസ്എസ് പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ ഇടവകയിൽനിന്നും ഓപ്പറേഷനും ചികിത്സയും ആവശ്യമുള്ളവർ ഈ അവസരം ഇനിയും ഉപയോഗപ്പെടുത്തേണ്ടതാണ്

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ഇൻഫാം

2024 ജനുവരി 19-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 8.30 മുതൽ 10.30 വരെ ഓൺലൈനായി ബഹു. ജനറാൾ അച്ചന്മാരും ഫൊറോന വികാരിമാരും, ടിഎസ്എസ്എസ് ഗവേണിംഗ് ബോഡി മെമ്പേഴ്സും, ഇൻഫാമിന്റെയും ബയോമൗണ്ടന്റെയും എല്ലാ ഫൊറോന ഡയറക്ടേഴ്സും അഭിവന്ദ്യപിതാവിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത മീറ്റിംഗിൽ ഇൻഫാം ബയോമൗണ്ടനുമായി സഹകരിക്കുവാനും ഇൻഫാമിന്റെ കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുവാനും തീരുമാനമായി.

2024 ജനുവരി 25-ാം തീയതി വ്യാഴാഴ്ച നെല്ലിക്കാംപൊയിലിൽവെച്ച് ഇൻഫാം കർഷകദിനാചരണം നടത്തി. ഉച്ചയ്ക്ക് 1.30 മുതൽ കണ്ണൂർ വ്യവസായ വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥരും കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ഉദ്യോഗസ്ഥരും ക്ലാസ്സുകൾ നൽകുകയുണ്ടായി. 2.30 മുതൽ പൊതുസമ്മേളനവും ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ഇൻഫാം ദേശീയ പ്രസിഡന്റ് ഫാ. തോമസ് മറ്റമുണ്ടയിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും 400 രൂപയോളം വിലവരുന്ന വിയറ്റ്നാം എർളി പ്ലാവിൻ തൈകൾ നൽകി.

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ TSSS

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ TSSS

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി**

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേർസ് കമ്പനിയുടെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ തന്നെ മുന്നോട്ട് പോകുന്നു. നമ്മുടെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന് കേരളസ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചു. നമ്മുടെ അതിരൂപതയുടെ ഈ സംരംഭത്തെ മലയോരമേഖലയിലെ ഒരു മാതൃകാ പ്രോജക്ടായി മാറ്റി അഭിവന്ദ്യ പിതാക്കന്മാരും കർഷകരും സ്വപ്നം കാണുന്ന രീതിയിൽ വളർത്തികൊണ്ടുവരാൻ നമുക്ക് സാധിക്കും. അതിനായി പുതിയ പദ്ധതികളും സംരംഭങ്ങളും ഇൻഡസ്ട്രിയൽ പാർക്കിൽ തുടങ്ങുന്നതിനായി വ്യക്തികളും കമ്പനികളും നമ്മളെ സമീപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പുതിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. ഇടവകകളിൽ ബയോ മൗണ്ടൻ കമ്പനിയുടെ വളർച്ചക്കായി ബഹു. എല്ലാ അച്ചന്മാരുടെയും സഹകരണവും നിർദ്ദേശവും പ്രോത്സാഹനവും ആവശ്യമാണ്. ഇടവകകളിൽ യൂണിറ്റുകൾ തുടങ്ങുവാനും കമ്പനിയുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യുവാനും എല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു.

**സൺഡേ സ്റ്റാൾ**

ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ ബയോമൗണ്ടൻ ഉത്പന്നങ്ങളുടെ സൺഡേ സ്റ്റാൾ പൂളക്കുറ്റി ട്രസ്റ്റ്, കണിച്ചാർ യൂണിറ്റ്, എടപ്പുഴ ട്രസ്റ്റ്, കോളയാട് ക്രെഡിറ്റ് യൂണിയൻ, നെടുംപുറംച്ചാൽ യൂണിറ്റ് എന്നിവിടങ്ങളിൽ ആരംഭിച്ചു. ഇത് തീർത്തും മാതൃകപരവും പ്രശംസാപരവുമാണ്. ദൈവാലയത്തിൽ വരുന്ന ആളുകൾക്ക് ബയോമൗണ്ടൻ ഉത്പന്നങ്ങൾ ഇതുവഴി വാങ്ങി ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

മേൽപ്പറഞ്ഞ യൂണിറ്റിലെ ബഹു. വൈദികർക്കും ടിഎസ്എസ്എസ് പ്രവർത്തകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു

**സ്പൈസസ് യൂണിറ്റ്**

യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ ഏറെ കൃത്യതയോടുകൂടി മുൻപോട്ട് നീങ്ങുകയാണ്. ഡിസംബർ 22 മുതൽ 15 ഓളം കറി പൗഡറുകളുടെ വിതരണം വ്യാപകമായി ചെയ്തു തുടങ്ങി. കറി പൗഡറുകൾക്ക് നല്ല രീതിയിൽ ഉള്ള പ്രതികരങ്ങൾ ആണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. അതിനായി പ്രവർത്തിക്കുന്ന ബഹു. ലൂക്കോസ് മാടശേരിയച്ചനെയും സ്ഥാപനത്തിലെ എല്ലാ ജോലിക്കാരെയും അഭിനന്ദിക്കുന്നു. സാധനങ്ങൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർ അതാത് പള്ളികളിലെ ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

**പരസ്പര സഹായനിധി**

നമ്മുടെ എല്ലാ ഇടവകകളിലും 13 അല്ലെങ്കിൽ 26 പേരടങ്ങുന്ന വ്യക്തികളെ ചേർത്തുകൊണ്ട് ബഹു. വികാരിയച്ചന്മാരുടെ പേരിൽ പരസ്പര സഹായനിധിയിലൂടെ ബയോമൗണ്ടന്റെ ഷെയർ എടുക്കുവാനായി എല്ലാ അച്ചന്മാരുടെയും സഹകരണം അപേക്ഷിക്കുന്നു. ടിഎസ്എസ്എസ് ഉള്ള സ്ഥലങ്ങളിൽ ഭാരവാഹികൾ ഉത്തരവാദിത്തം ഏറ്റെടുക്കുവാനും ഇല്ലാത്ത സ്ഥലങ്ങളിൽ മറ്റ് സംഘടനകളെയോ വ്യക്തികളെയോ ഉത്തരവാദിത്തം ഏൽപ്പിക്കാനും ബഹു. അച്ചന്മാരുടെ സഹായം അപേക്ഷിക്കുന്നു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ മാനേജിംഗ്*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2024 ഫെബ്രുവരി

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| ഫെബ്രുവരി | 03 | : പ്രാർത്ഥനാദിനം (Live 6-9 pm) |
| | 04-08 | : ആന്തരീക സൗഖ്യ ധ്യാനം |
| | 10 | : വചനാഗ്നി (Live 9 am -2.30 pm, 6-9 pm) ഏകദിന കൺവെൻഷൻ |
| | 17 | : ഏകദിന പ്രാർത്ഥന ശുശ്രൂഷ (ഹിന്ദി) |
| | 18-22 | : ആന്തരീക സൗഖ്യ ധ്യാനം |
| | 23-25 | : Winnipeg (Canada) |
| | 23-25 | : വാരാന്ത്യ ധ്യാനം |
| | 25-28 | : ബൈബിൾ കൺവെൻഷൻ (കന്നഡ) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| ഫെബ്രുവരി | 03-07 | : ആന്തരീക സൗഖ്യ ധ്യാനം |
| | 03, 17, 24 | : ഏകദിന ധ്യാനം |
| | 17 | : പ്രേഷിത കൂട്ടായ്മ |
| | 17-21 | : ആന്തരീക സൗഖ്യ ധ്യാനം |
| | 23 | : ജാഗരണ പ്രാർത്ഥന |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | |
|---|---|---|
| ഫെബ്രുവരി | 03 | : ഏകദിന ധ്യാനം (9 am-2 pm) |
| | 04-07 | : ആന്തരിക സൗഖ്യാനുഭവ ധ്യാനം (ഞായർ 4 മണി മുതൽ ബുധൻ 12 മണി വരെ) |
| | 17 | : പരിക്ഷാ ഒരുക്ക ക്രിസ്റ്റീൻ ധ്യാനം (9 am - 2 pm) |
| | 24 | : പ്രേഷിത കൂട്ടായ്മ (2 pm - 4 pm) |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | |
|---|---|---|
| ഫെബ്രുവരി | 03 | : ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing) |
| | 09 | : ജാഗരണ പ്രാർത്ഥന |
| | 16-18 | : കുടുംബ നവീകരണ ധ്യാനം |
| | 25-27 | : ആന്തരീക സൗഖ്യ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഡിസംബർ 2023

21 രാവിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം തലശ്ശേരി ടൗണിൽ കത്തീഡ്രൽ ഇടവകയും സാൻജോസ് സ്കൂളും സംയുക്തമായി സംഘടിപ്പിച്ച ടൗൺ കരോൾ പ്രോഗ്രാമിന് സന്ദേശം നൽകി. തുടർന്ന് വിദേശത്ത് പഠനത്തിലായിരിക്കുന്ന വൈദികരുമായി വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിച്ചു.

22 ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ബ്രദർ സിറിൽ ചെറുകരക്കുന്നേലിനും ബ്രദർ റിബിൻ കളപ്പുരയ്ക്കലിനും ഡീക്കൻപട്ടം നൽകി. വൈകുന്നേരം കണ്ണൂർ ദീപിക യൂണിറ്റിന്റെ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു. തുടർന്ന് കണ്ണൂർ ടൗണിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

23 നവീകരിച്ച തടിക്കടവ് ദൈവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം മണിപ്പാറയിലെത്തി ഡീക്കൻ അമൽ തൈപ്പറമ്പിലിന്റെ ഭവനം സന്ദർശിച്ചു. വൈകുന്നേരം ഇരിട്ടിയിൽവച്ച് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടത്തിയ ബോൺ നത്താലെ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

24 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം പൈസക്കരിയിലെത്തി ചേന്നാട്ട് ജോസഫിന്റെ (കുട്ടാപ്പി) മൃതസംസ്കാര ശുശ്രൂഷാ കർമ്മം നടത്തി.

25 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ക്രിസ്തുമസ് കുർബ്ബാനയർപ്പിച്ചു. രാവിലെ കണ്ണൂർ ബർണ്ണശ്ശേരിയിൽവച്ച് ഫ്രണ്ട്സ് ഓഫ് ദ ഹോളി എവുകരിസ്റ്റ് മിനിസ്ട്രി അഗതികൾക്കായി സംഘടിപ്പിച്ച പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

26 രാവിലെ ഉദയഗിരി ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് കന്നാട്ടിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പിൽവച്ച് ചേർന്ന പാരീഷ് കോർഡിനേറ്റർമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് കണ്ണൂർ പയ്യാമ്പലത്തുവച്ച് നടന്ന മൈത്രി മഹോത്സവം ഉദ്ഘാടനം ചെയ്തു.

27 രാവിലെ പടുപ്പ് ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോൺ മുള്ളംകുഴിയുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ശ്രീകണ്ഠാപുരം ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ അലക്സ് നൂറ്റിയാനിക്കുന്നേലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം നിർമ്മലഗിരിയിലെത്തി ബഹു. മാത്യു തെക്കേമുറി അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

28 രാവിലെ നടുവിൽ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ഡാനി ചിറയ്ക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച സി.ടി സ്കാൻ ഡിപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം പരിയാരം ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ക്രിസ്റ്റി തൈക്കാട്ടിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 രാവിലെ ചെമ്പേരിയിൽവച്ച് ബഹു. ഡീക്കൻ മാത്യു ചെംബ്ലായിൽ, ഡീ. തോമസ് മാമ്പുഴക്കൽ, ഡീക്കൻ ഏലിയാസ് കളപ്പുരയ്ക്കൽ എന്നിവരുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ലിസ്സിഗിരി ദൈവാലയത്തിലെത്തി നെടുന്താത്ത് ഷിന്റോ അനുറാണി ദമ്പതികളുടെ മക്കളായ അമേലിയയ്ക്കും ആൻഡ്രിയയ്ക്കും മാമ്മോദീസാ നൽകി. ഉച്ചയ്ക്കുശേഷം മണ്ടളം ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ അബ്രാഹം മഞ്ഞളാങ്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 രാവിലെ മണിപ്പാറ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ അമൽ തൈപ്പറമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം മരുതോങ്കരയിലെത്തി ബഹു. ജോസഫ് കളരിക്കൽ അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

31 ആനറ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

## ജനുവരി 2024

01 രാവിലെ ആനമഞ്ഞൾ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജിതിൻ ചിന്താർമണിയിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം പരിയാരം മദർഹോമി ലെത്തി നവീകരിച്ച അൾത്താരയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

02 രാവിലെ കൊന്നക്കാട് ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് ചെല്ലംകോട്ടിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം പടിയൂർ ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി.

03 രാവിലെ വട്ടിയറ ഇടവക പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് വട്ടിയറ സിം.എം.സി കോൺവെന്റിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം അങ്ങാടിക്കടവ് ഹൈസ്കൂളിൽവച്ച് നടത്തിയ യാത്രയയപ്പ് സമ്മേളന ത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ഇരിട്ടി ദൈവാലയത്തിൽവച്ച് കരി മ്പനയ്ക്കൽ ജോസഫ് ഫിലിപ്പിന്റെയും (സെൻ സെബിൻ) കുന്നപ്പള്ളി അഞ്ചന അന്ന മാത്യുവിന്റെയും വിവാഹവാഗ്ദാന ചടങ്ങിന് കാർമ്മി കത്വം വഹിച്ചു. ആറുമണിയോടെ പേരട്ടയിലെത്തി പുതുതായി പണി കഴിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. രാത്രി യോടെ ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

04 രാവിലെ ചുള്ളി ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് ചൊള്ളംപുഴയുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. ഉച്ചയോടെ അത്തിയടുക്കം ഇടവകയിലെത്തി ഇടവകാം ഗങ്ങളുമായി സംവദിച്ചു. വൈകുന്നേരം കാഞ്ഞങ്ങാട് വച്ച് നടത്തിയ ദീപികയുടെ വാർഷികാഘോഷ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

05 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. കണ്ണൂർ കളക്ട്രേറ്റിനു മുമ്പിൽവച്ച് നടന്ന ആർ.പി.എസ് മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

06 വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിന് അധ്യ ക്ഷത വഹിച്ചു. അതിരൂപതാ കേന്ദ്രത്തിലെത്തിയ ബ്രദർ മാത്യു കാവു ങ്കലിനെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കോടോപ്പള്ളിയിൽ വിൻസെൻ ഷ്യൻ സഭ പുതുതായി നിർമ്മിച്ച ആശ്രമത്തിന്റെ കൂദാശാകർമ്മം നിർവ്വ ഹിച്ചു. വൈകുന്നേരം ഉമ്മർപൊയിലിൽ പുതുതായി പണിത പാരിഷ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

07 ചൂരപ്പടവ് ദൈവാലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പി ക്കുകയും ജൂബിലി സ്മാരകമായി പണിത കുരിശടിയുടെ വെഞ്ചരിപ്പു

കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തിരികെയുള്ള യാത്രയിൽ കരുവഞ്ചാൽ ഇടവക പുതുതായി നിർമ്മിക്കുന്ന ദൈവാലയം സന്ദർശിച്ചു. തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പറ്റലിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ഉളിക്കലിൽവച്ച് നടത്തിയ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ സംഗമമായ സാൾട്ട് ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് നെല്ലിക്കാംപൊയിൽ ഫൊറോനാ ദൈവാലയത്തിലെത്തി ജൂബിലി സമാപനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. രാത്രിയോടെ എറണാകുളത്തേയ്ക്ക് യാത്ര തിരിച്ചു.

08 രാവിലെ തൊടുപുഴ, പെരുമ്പള്ളിച്ചിറയിലെത്തി ബഹു. മാത്യു തെക്കേമുറിയച്ചന്റെ പ്രിയ മാതാവ് ശ്രീമതി ത്രേസ്യാമ്മ തെക്കേമുറിയുടെ മൃത സംസ്കാര ശുശ്രൂഷാ കർമ്മം നടത്തി.

08–13 എറണാകുളം മൗണ്ട് സെന്റ് തോമസിൽവച്ച് ചേർന്ന സീറോമലബാർ സഭാ സിനഡിൽ പങ്കെടുത്തു.

15 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടർമാരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

16 പെരുമ്പടവ് ബി.വി.ജെ.എം. ഹയർ സെക്കന്ററി സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

17 ബദിയടുക്ക ദൈവാലയത്തിൽവച്ച് കുരിയാലപ്പുഴ ജിതിൻ തോമസിന്റെയും പുതുപ്പറമ്പിൽകുന്നേൽ ഡോണ സെബാസ്റ്റ്യന്റെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം ചായോത്ത് ജ്യോതിഭവൻ സ്കൂളിന്റെ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു.

19 അതിരൂപതാ സ്ഥാപനങ്ങളുടെയും ഓഡിറ്റർമാരുടെയും മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് കുന്നോത്ത് ബോയ്സ് ടൗണിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷനായി. വൈകുന്നേരം ഓൺലൈനായി ചേർന്ന സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാരുടെ മീറ്റിംഗിന് അധ്യക്ഷനായി.

20 രാവിലെ കടുമേനി ദൈവാലയത്തിൽവച്ച് വയലിൽ സിബി - ബ്ലസി ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ മെൽബിൻ പോളിന് മാമ്മോദീസാ നൽകി. തുടർന്ന് തിരുമേനിയിലെത്തി ഫാ. സാബു ആടിമാക്കൽ അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചരളിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ ചടങ്ങ് നിർവ്വഹിച്ചു.

**FEBRUARY 2024**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01-02 | | - | Bangalore: CBCI Plenary |
| 03 | 09:00 am | - | Charal: Ordination |
| | 04:00 pm | - | Peravoor |
| 04 | 09:00 am | - | Perumpadavu: Parish Jubilee |
| | 02:30 pm | - | Thalavil: CST Ashram Blessing |
| 05-07 | | - | Bangalore: CBCI Plenary |
| 08 | 09:00 am | - | Perinkary: Ordination |
| | 04:00 pm | - | Calicut: Jubilee |
| 09 | 11:30 am | - | Thomapuram: SABS Convent Blessing |
| | 04:00 pm | - | Attenganam: Parish Jubilee |
| 10 | 03:00 pm | - | Chempanthotty: School Blessing |
| | 06:00 pm | - | Iritty: Deepika Annual Day |
| 11 | | - | Belthangady: Diocesan Silver Jubilee |
| 12 | | - | Vijayapuram: Installation Ceremony |
| 13 | 10:00 am | - | Presbyteral Council |
| | 04:00 pm | - | Kunnoth: Seminary Commission |
| 14 | | - | Kunnoth: Seminary Commission |
| 15 | | - | Pune: Installation Ceremony |
| 16 | 09-12 pm | - | Visitors Day |
| | 04:00 pm | - | Malome: Forane Retreat |
| 17 | | - | Engaged |
| | 05:00 pm | - | Chemperi: KCYM Youth Day |
| 18 | | - | Chattamala: Pastoral Visit |
| | 04:00 pm | - | Malome: Forane Retreat |
| 19 | 10:00 am | - | Nirmalagiri : Patrons Day |

| | | | |
|---|---|---|---|
| 20 | 09-12 pm | - | Visitors Day (Priests) |
| 21-22 | | - | Mananthavady: NKCBC |
| 23 | 09-12 pm | - | Visitors Day (General Public) |
| | 04:00 pm | - | Vayattuparamba: Forane Retreat |
| 24 | 10:00 am | - | Corporate Educational Agency Retirement Function |
| | 03:00 pm | - | Mahe |
| 25 | | - | Thabore: Pastoral Visit |
| | 04:00 pm | - | Vayattuparamba: Forane Retreat |
| 26 | | - | Engaged |
| 27 | 09-12 pm | - | Visitors Day (Priests) |
| 28 | 09-12 pm | - | Visitors Day (General Public) |
| 29 | 10:00 am | - | Finance Council - Budget Session |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജനുവരി 2024

01 രാവിലെ പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന നടവയൽ ഹോളിക്രോസ് ദൈവാലയത്തിലെ വി. കുർബാനയ്ക്ക് സഹകാർമികത്വം വഹിക്കുകയും, വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ബത്തേരി അസംഷൻ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന സി. ലില്ലി തോമസ് എസ്.എച്ച്-നെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

02 രാവിലെ കരികോട്ടക്കരിയിൽ ഡീക്കൻ അജേഷ് തുരുത്തേലിന് തിരുപ്പട്ടം നൽകി. ശേഷം വിശ്രമജീവിതം നയിക്കുന്ന ബഹു. മാണി കണ്ടത്തി ലിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം കീഴ്പ്പള്ളി വി. ചാവറയച്ചന്റെ തിരുനാളിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

03 രാവിലെ കടുമേനിയിൽ ഡീക്കൻ ആൽബിൻ തെങ്ങുംപള്ളിയിലിന് തിരുപ്പട്ടം നൽകി. വൈകുന്നേരം പടിയൂരിൽ ഇടവക തിരുനാളിനോട നുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

05 വൈകുന്നേരം രജത ജൂബിലിയുടെ നിറവിലായിരിക്കുന്ന ചൂരപ്പടവ് ഹോളിക്രോസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് പുതിയതായി നിർമ്മിച്ച TSS ഓഫീസ് & കിച്ചന്റെ വെഞ്ചിരിപ്പ്കർമ്മം നിർവഹിക്കുകയും രജതജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

06 രാവിലെ ആനപ്പന്തിയിൽ ഡീക്കൻ ജേക്കബ് ഇരുളിയിലിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് ഇരിട്ടിയിൽ സരുൺ തെക്കേമുറിയിൽ പുതിയതായി ആരംഭിച്ച ബഥനി വെഞ്ചുവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകുന്നേരം നെല്ലിക്കാംപൊയിലിൽ പ്ലാറ്റിനം ജൂബിലിയുടെയും ഇടവകത്തിരുനാളിന്റെയും ഭാഗമായി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

07 രാവിലെ മുതിരേരി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഇടവകതിരുനാളി നോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

08–13 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന 32–മത് സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

13 രാവിലെ പട്ടാരത്ത് ആർമണ്ട് മാധവത്ത് അച്ചന്റെ 21–ാം ചരമവാർഷിക ത്തിന്റെയും വിമലഗിരി ധ്യാനകേന്ദ്രത്തിന്റെ രജതജൂബിലി ആഘോഷ

ത്തിന്റെയും ഭാഗമായി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അങ്ങാടിക്കടവിൽ സി.എം.എൽ. കുന്നോത്ത് ഫൊറോന യുടെ ആഭിമുഖ്യത്തിൽ നടന്ന മേഖലാ കൗൺസിൽ വാർഷികം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് നടന്ന മിഷൻ പ്രേഷിത റാലി ഫ്ളാഗ് ഓഫ് ചെയ്യുകയും ചെയ്തു

14 രാവിലെ തോമാപുരത്ത് വി. സെബസ്ത്യാനോസിന്റെ തിരുനാൾ സമാപനത്തോടനുബന്ധിച്ച് വി. കുർബാനിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ഫാ. ടോമി നടുവിലേക്കൂറ്റ്, ഫാ. ബാബു പരതേപതിക്കൽ, ബ്ര. സോബിൻ കാവുകാട്ട് എന്നിവരുടെ ഭവനം സന്ദർശിച്ചു.

15 രാവിലെ നെല്ലിക്കാംപൊയിലിൽ നിര്യാതയായ വെട്ടിക്കാട്ട് അന്നമ്മയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ശേഷം കരിക്കോട്ടക്കരിയിൽ കണ്ടത്തിൽ ജോയൽ – മഹിമ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

17 വൈകുന്നേരം പട്ടാരം ആശ്രമത്തിൽ നിര്യാതനായ ബഹു. ഫാ. സിറിൽ കുറ്റിക്കൽ കപ്പൂച്ചിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ശേഷം നടവയലിൽ നിര്യാതയായ റിട്ട. അധ്യാപിക കല്ലുങ്കൽ ബേബി ജോസ ഫിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 രാവിലെ കോടഞ്ചേരിയിൽ ബഹു. പോൾ മൂഞ്ഞേലിൽ അച്ചന്റെ അനു ജന്റെ പുതിയ ഭവനത്തിന്റെ വെഞ്ചിരിപ്പ്കർമ്മം നടത്തി. വൈകുന്നേരം താമരശ്ശേരി വെറ്റിലപ്പാറ ഇടവകയുടെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

19 വൈകുന്നേരം കരുണാപുരത്ത് വി. യൂദാതദ്ദേവൂസിന്റെയും വി. സെബ സ്ത്യാനോസിന്റെയും തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും പുതിയതായി നിർമ്മിച്ച കൽക്കുരിശിന്റെ വെഞ്ചിരിപ്പ്കർമ്മം നിർവഹിക്കുകയും ചെയ്തു. ശേഷം സൺഡേസ്കൂൾ ഭക്തസംഘടന എന്നിവയുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത സംസാരിച്ചു.

20 രാവിലെ കരിക്കോട്ടക്കരിയിൽ സി. റോസ്ബെറ്റ് എഫ്സിസി കാവുങ്കലിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു വചന സന്ദേശം നൽകുകയും ജൂബിലി ആശംസകൾ നേരുകയും ചെയ്തു. വൈകുന്നേരം എടത്തൊട്ടിയിൽ കൊടുംകൈയത്തിൽ ക്രിസ്റ്റിൻ ബെന്നിയുടെ മനസമ്മതത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

21 രാവിലെ മണിക്കടവ് ഇടവക തിരുനാളിന്റെ സമാപനദിനത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

22 രാവിലെ കരികോട്ടക്കരിയിൽ ഉഴുത്തുവാൽ അഭിജിത്ത് – ഗീതു ദമ്പതി കളുടെ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് പേരാവൂരിൽ നിര്യാത യായ സി. സിൽവിയ പുതിയാപറമ്പിൽ എസ്. എച്ചിന്റെ മൃതസംസ്കാര

ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം തലശ്ശേരിയിൽ നടന്ന ന്യൂ പ്രീസ്റ്റ് ഡേയിൽ പങ്കെടുത്തു.

23 വൈകുന്നേരം അങ്ങാടിക്കടവിൽ മാതൃവേദി അമ്മമാർ നടത്തിയ ബൈബിൾ പ്രതിഷ്ഠയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

24 രാവിലെ കുന്നോത്ത് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന പ്രധാനാധ്യാപകന്റെയും മറ്റ് അധ്യാപകരുടെയും യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പിലാത്തറയിൽ കണ്ണൂർ രൂപത ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. വൈകുന്നേരം കുട്ടാപറമ്പിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ മഹോത്സവത്തോടനുബന്ധിച്ച് വി. കുർബാനിയർപ്പിച്ച് വചന സന്ദേശം നൽകി.

25 രാവിലെ ഇരിട്ടി എസ്.കെ.ഡി. സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം തടിക്കടവിൽ അഖണ്ഡ ദിവ്യകാരുണ്യ ആരാധനയുടെ രണ്ടാം വാർഷിക ദിനത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

26 രാവിലെ തളിപ്പറമ്പിൽ ചേർന്ന സിഎംഎൽ അതിരൂപത വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ശേഷം തളിപ്പറമ്പ് ദൈവാലയത്തിൽ വച്ച് ഐക്കരയിൽ ജനീഷ്-റീന ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന്റെ മാമ്മോദീസ നടത്തി. വൈകുന്നേരം കനകപ്പള്ളിയിൽ നവീകരിച്ച സെമിത്തേരിയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും തുടർന്ന് ഇടവക തിരുനാളിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

27 വൈകുന്നേരം മാനന്തവാടി ബത്തേരി അസംഷൻ ഇടവകയുടെ 125-മത് ജൂബിലിക്ക് തുടക്കം കുറിച്ചുകൊണ്ട് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

28 രാവിലെ മാനന്തവാടി കയ്യൂന്നിയിൽ ഫാത്തിമ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

29 രാവിലെ നടവയൽ ഹയർസെക്കൻഡറി സ്കൂളിൽ പ്രധാന അധ്യാപകനായ സജി നിരപ്പേലിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

31 രാവിലെ എടൂർ ഹയർസെക്കന്ററി സ്കൂളിൽ അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന പൈസക്കരി ഫൊറോന ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

FEBRUARY 2024

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02 | 4:30 pm | - | Holy Mass: Manippara |
| 03 | 4:30 pm | - | Jubilee Inauguration: Kavumannam |
| 04 | 10:00 am | - | Holy Mass: Pazhoor |
| 05 | 10:00 am | - | Holy Mass: Perla |
| 08 | 9:30 am | - | House Blessing: Vilamana |
| | 4:00 pm | - | Silver Jubilee of the Episcopal Ordination of Bishop Varghese Chakkalakkal: Calicut |
| 11 | 3:00 pm | - | Holy Mass: Kothannur, Banglore |
| 20 | 6:30 pm | - | Feast of Sr. Jeseentha NS |
| 21-22 | | - | Malabar Bishop's Conference: Manathavady |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഡിസംബർ 2023

27 തിരുമേനി ഇടവകയിൽ ഡീക്കൻ മാത്യു മൂന്നാനയിലിനു പൗരോഹിത്യപട്ടം നൽകി.

28 ബളാൽ ഇടവകയിൽ ഡീക്കൻ മാത്യു ആനിക്കുഴികാട്ടിലിന് പൗരോഹിത്യപട്ടം നൽകി.

29 ചൂരപ്പടവ് ഇടവകയിൽ സിൽവർ ജൂബിലിയോടാനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു. അതോടൊപ്പം പുതുതായി നിർമിച്ച ബലിപീഠത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.

30 കാഞ്ഞിരക്കൊല്ലി ഇടവകയിൽ ഡീക്കൻ സച്ചിൻ പുതിയിടത്തച്ചിറക്ക് പൗരോഹിത്യപട്ടം നൽകി.

31 നെല്ലിക്കാംപൊയിൽ ഇടവകയിൽ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് പ്രായമായവരെ ആദരിച്ചു.

### ജനുവരി 2024

01 എടക്കോം ഇടവകയിൽ മെബിന്റെയും അനന്യയുടെയും വിവാഹകർമ്മത്തിൽ മുഖ്യകർമികത്വം വഹിച്ചു.

02 കൂടരഞ്ഞി ഇടവകയുടെ തിരുനാളിനോടാനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിൽ മുഖ്യകർമികത്വം വഹിച്ചു. തുടർന്ന് ഇടവകയിലെ മുതിർന്ന ആളുകളോടൊപ്പം സമയം ചിലവഴിച്ചു.

03 തിരൂർ ഇടവകയിൽ തിരുനാൾ കുർബാനയിൽ മുഖ്യകർമികത്വം വഹിച്ചു.

06 ഉളിക്കൽ ഇടവകയിൽ ജോമോൻ - അനിഷ എന്നിവരുടെ വിവാഹകർമ്മത്തിൽ മുഖ്യകർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പയ്യാവൂർ ഇടവകയിൽ ക്രിസ്റ്റി - ജ്യോത്സ്ന എന്നിവരുടെ വിവാഹകർമ്മത്തിൽ മുഖ്യകർമികത്വം വഹിച്ചു.

07 പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. ബർത്ത എസ്.എച്ച്-ന്റെ മൃതസംസ്കാരശുശ്രുഷകൾക്ക് മുഖ്യകർമികത്വം വഹിച്ചു.

08-13 കാക്കനാട് നടന്ന മെത്രന്മാരുടെ സിനഡിൽ പങ്കെടുത്തു.

14 വെറ്റിലപ്പാറ ഇടവകയിൽ വെച്ച് നടന്ന പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകർമികത്വം വഹിച്ചു.

16 കൂരാച്ചുണ്ട് ഇടവകയിൽ നിര്യാതനായ മോൺ. ആന്റണി കൊഴുവനാലിന്റെ 41-ാം ചരമദിനത്തോടാനുബന്ധിച്ച് നടന്ന ദിവ്യബലിയിൽ മുഖ്യകർമികത്വം വഹിച്ച് പ്രാർത്ഥിച്ചു.

18 പട്ടാരം വിമലഗിരി ആശ്രമത്തിൽ സന്ദർശിച്ച് നിര്യാതനായ ഫാ. സിറിൾ ഇമ്മനുവൽ കുറ്റിക്കലിന്റെ (കപ്പൂച്ചിൻ) ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പൊന്മല ഇടവകയിൽ റവ. ഫാ. വർക്കി പേരയ്ക്കാട്ട്പൊതിയിൽ എസ്.ജെ-യുടെ സുവർണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് കൃതജ്ഞതാബലിയിൽ പങ്കാളിയായി. വൈകുന്നേരം എടൂർ ഇടവകയിൽ പൂവന്നിക്കുന്നേൽ ജോജു-ശോഭ ദമ്പതികളുടെ ഭവനം വെഞ്ചരിച്ച് പ്രാർത്ഥിച്ചു.

## FEBRUARY 2024 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 04 | - | Thirunal at Kadumeni |
| 11 | - | Jubilee at Balthangady |
| 21-22 | - | North Malabar Bishop Meeting at Manandhavadi |

**Secretary to the Archbishop Emeritus**



തലശ്ശേരി അതിരൂപതയുടെ നവവൈദികർ കത്തീഡ്രൽ ദൈവാലയത്തിൽ
അതിരൂപതയുടെ ഇടയൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം















# നവാഭിഷിക്തർക്ക്
# അഭിനന്ദനങ്ങൾ

RNI Reg. No. 5910 Date of Publication: 28/01/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 02 വില : ₹10

# ഫെബ്രുവരി 11
# ലൂർദ്ദ്മാതാവിന്റെ തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.